# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ബാലരാമപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/67/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 04/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബാലരാമപുരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/67/2023 തീയ്യതി: 04/03/2023

## തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 23-11-2022 | 30-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2022 | 30-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രതാപ് കുമാർ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ആശ.ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശ്രീജിത്ത്.എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വെർജിൻ ഷീജ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വി.മോഹനൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ആർ.റ്റി.ബിജുകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ.റ്റി.ബിജുകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. മഹേഷ് | കൃഷി ഓഫീസർ | 01-04-2021 | 07-05-2021 |
| ശ്രീ.രമേശ് കുമാർ.പി | കൃഷി ഓഫീസർ | 07-05-2021 | 10-06-2021 |
| ശ്രീമതി സലിഹ.ആർ | കൃഷി ഓഫീസർ | 11-06-2021 | 19-09-2021 |
| ശ്രീ.പ്രശാന്ത് | കൃഷി ഓഫീസർ | 20-09-2021 | 31-03-2022 |
| ഡോ.മൃദുല | വെറ്ററിനറി **സർജൻ** | 01-04-2021 | 19-10-2021 |
| ഡോ.ശാലിനി | വെറ്ററിനറി **സർജൻ** | 19-10-2021 | 31-03-2022 |
| ഡോ.ബിജു.ആർ.എം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ശ്രീജ.എസ്.നായർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രവിതകുമാരി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി രുഗ്മിണി.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മേഴ്സി.പി. | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-05-2021 |
| ശ്രീമതി അൽവിനോ ലീന.ജി.എസ് | ഹെഡ് മിസ്ട്രസ്സ് | 01-06-2021 | 26-10-2021 |
| ശ്രീമതി അജിതകുമാരി | ഹെഡ് മിസ്ട്രസ്സ് | 27-10-2021 | 31-03-2022 |
| ശ്രീമതി വിജുമോൾ | അസിസ്റ്റന്റ് എഞ്ചീനിയർ | 01-04-2021 | 05-10-2021 |
| ശ്രീ.സൂരജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2021 | 16-11-2021 |
| ശ്രീ.അനിൽ കുമാർ.ബി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-11-2021 | 31-03-2022 |
| ശ്രീമതി നിഷ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി ശ്രീദിവ്യ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.ആനന്ദ്.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 07-07-2021 |
| ശ്രീ.വേൽ മുരുകൻ.റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 08-07-2021 | 31-03-2022 |
| ശ്രീ.ബിനോയ് ഭുവൻ | വി ഇ ഒ (സർക്കിൾ 2) | 01-04-2021 | 12-09-2021 |
| ശ്രീ.അഭിലാഷ് | വി ഇ ഒ (സർക്കിൾ 2) | 13-09-2021 | 19-09-2021 |
| ശ്രീമതി ആശ | വി ഇ ഒ (സർക്കിൾ 2) | 20-09-2021 | 31-03-2022 |
| ശ്രീ.ഗോകുൽ | വി ഇ ഒ (സർക്കിൾ 1) | 01-04-2021 | 21-09-2021 |
| ശ്രീമതി ആശ | വി ഇ ഒ (സർക്കിൾ 1) | 22-09-2021 | 14-11-2021 |
| ശ്രീമതി സെലീന.കെ.എം | വി ഇ ഒ (സർക്കിൾ 1) | 15-11-2021 | 05-02-2022 |
| ശ്രീമതി ആശ | വി ഇ ഒ (സർക്കിൾ 1) | 06-02-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് - അപാകത | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - അപാകതകൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം -അപാകതകൾ | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമ പദ്ധതികൾ | 1-5 |
| 8 | സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി | 1-5-1 |
| 9 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല | 1-5-2 |
| 10 | മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു | 1-5-3 |
| 11 | പണം നീക്കിയിരിപ്പ് പരിശോധന | 1-6 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | ലൈസൻസ് ഇല്ലാതെ സിമന്റ് ഗോഡൗണുകൾ പ്രവർത്തിക്കുന്നു | 1-10 |
| 16 | റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല | 1-11 |
| 17 | കെട്ടിടങ്ങളുടെ വിസ്തീർണം സഞ്ചയയിലെ വിസ്തീർണവുമായി പൊരുത്തപ്പെടുന്നില്ല | 1-12 |
| 18 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കൽ ഊർജിതമാക്കണം | 1-13 |
| 19 | തൊഴിൽ രഹിത വേതനം - അപാകതകൾ | 1-14 |
| 20 | ഹരിത കർമ്മസേന – തരം തിരിച്ച് നൽകിയ ഖരമാലിന്യത്തിന് തുകയിൽ ക്ലീൻ കേരളാ കമ്പനിയിൽ നിന്നും തുക ലഭ്യമാകാത്തത് സംബന്ധിച്ച് | 1-15 |
| 21 | സിമന്റ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി-ഭാവിയിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതുമാണ് | 1-16 |
| 22 | സൈഡ് വാൾ നിർമ്മാണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രവൃത്തി നിർവ്വഹിച്ചു-വിശദീകരണം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 23 | വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിൽ മെറ്റീരിയൽ ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ - ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് | 1-18 |
| 24 | പഞ്ചായത്തിന് വിട്ടു നൽകിയ സ്ഥലം ആസ്തിയിലുൾപ്പെടുത്തിയ വിവരങ്ങൾ | 1-19 |

| | | |
|---|---|---|
| | ലഭ്യമാക്കേണ്ടതാണ് | |
| 25 | അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 26 | നിർമ്മാണം പൂർത്തിയാക്കിയ എയിറോബിനുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-21 |
| 27 | ജലസേചന പമ്പ് സെറ്റ് വിതരണം - ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിൽ ആനുകൂല്യം നൽകി 9,600/ രൂപ നിരാകരിക്കുന്നു. | 1-22 |
| 28 | വൗച്ചറുകളുടെ പരിശോധന സംബന്ധിച്ച പരാമർശങ്ങൾ | 1-23 |
| 29 | ഇൻവോയിസിൽ രേഖപ്പെടുത്തിയ നിരക്കിലധികം തുക കെൽട്രോണിന് ലാപ്ടോപ്പുകൾക്കായി നൽകി - 2,55,808/- രൂപ തടസ്സപ്പെടുത്തുന്നു 16482/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-24 |
| 30 | കണ്ടിജൻസി ചെലവുകൾക്കായി മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും തുക മുൻകൂറായി പിൻവലിച്ചു. | 1-25 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലനം - പദ്ധതിയിൽ നിന്നും നീക്കം ചെയ്ത കന്നുകുട്ടിയുടെ വിഹിതമിനത്തിൽ നൽകിയ തുക തിരികെ ലഭ്യമായില്ല | 1-26 |
| 32 | സ്നേഹസ്പർശം - തുക തെറ്റായ അക്കൗണ്ടിലേയ്ക്ക് നൽകി - 18,000/- രൂപ നിരാകരിക്കുന്നു. | 1-27 |
| 33 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 97218/- രൂപ തടസ്സപ്പെടുത്തുന്നു | 1-28 |
| 34 | നിർവഹണ ഉദ്യോഗസ്ഥർ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല | 1-29 |
| 35 | പ്രോജക്ടിൽ തുക വകയിരുത്തി ഹോണറേറിയം നൽകി- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം | 1-30 |
| 36 | വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത | 1-31 |
| 37 | ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല | 1-32 |
| 38 | പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ " വീൽസ് " പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല | 1-33 |
| 39 | സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കി | 1-34 |
| 40 | തെരുവ് വിളക്ക് മെയിന്റനൻസ് /സാധനങ്ങൾ വാങ്ങൽ -തെരുവ് വിളക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ ആവശ്യകത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-35 |
| 41 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോമ്കോയ്ക്ക് നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ജലസേചന പമ്പ് സെറ്റ് വിതരണം - ഒരേ വ്യക്തിക്ക് തന്നെ തുടർ | 3-1 |

| | | |
|---|---|---|
| | വർഷങ്ങളിൽ ആനുകൂല്യം നൽകി 9,600/ രൂപ നിരാകരിക്കുന്നു. | |
| 2 | സ്നേഹസ്പർശം - തുക തെറ്റായ അക്കൗണ്ടിലേയ്ക്ക് നൽകി - 18,000/- രൂപ നിരാകരിക്കുന്നു. | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടച്ചവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാ**ൻ** അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 15.02.2021 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 456588898.61/- രൂപയും പ്രതീക്ഷിത ചെലവ് 453352238/- രൂപയും നീക്കിയിരിപ്പ് 3236660.61/- രൂപയുമാണ്. പരിഷ്കരിച്ച ബജറ്റ് 09.03.2022 ലെ 3/1 നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

### 1-1-1 ബജറ്റ് - അപാകത

ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിന മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ ബജറ്റിൽ(പുതുക്കിയ) വകയിരുത്താതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ബജറ്റ് ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് വകയിരുത്തൽ | എ.എഫ്.എസ്. പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| 1 | 2303001 | Consumption Of Stores | 0 | 2486 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 10/26.11.2022) ടി ഹെഡിൽ തുക വകയിരുത്തുന്ന വിഷയം റിവിഷൻ ബഡ്ജറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കർശനമായും പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് നിർവഹണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 20.04.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകതകൾ

1) Treasury - Own Fund-VPFA-1, എന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) വാർഷിക ധനകാര്യപത്രിക പ്രകാരം 2021-22 സാമ്പത്തിക വർഷം ടെണ്ടർ ഫോറവിലയിനത്തിൽ പഞ്ചായത്തിന് 122108/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വില്പന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) I-18 Prior Period Item ഷെഡ്യൂളിലെ അപാകതകൾ -

| Head Code | Particulars | Amount | Remarks |
|---|---|---|---|
| 280100101 | Prior Period Income-property Tax On Residential Buildings | 126753 | Debit Balance (Positive) |
| 280100104 | Prior Period Income-property Tax On Non Residential Buildings | 2767 | Debit Balance (Positive) |
| 280800101 | Prior Period - Establishment Expenses | 65910 | Credit Balance (Negative) |

മേൽ പരാമർശിച്ച രേഖപ്പെടുത്തലുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

4) GST രജിസ്റ്ററും വാർഷിക ധനകാര്യപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. GST രജിസ്റ്റർ പ്രകാരം GST TDS ഇനത്തിലെ വരവ് 39734/- രൂപയാണ്. ( തൻവർഷം TDS ഫയൽ ചെയ്ത കണക്ക് പ്രകാരം). എന്നാൽ വാർഷിക ധനകാര്യപത്രിക (RP-36) പ്രകാരം തൻവർഷം വരവില്ല.

5) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

6) Water Authority യ്ക്ക് നല്കിയ Advance തുക ഇനത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പും തൻവർഷത്തെ ചെലവും നീക്കിയിരിപ്പും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

7) വാർഷിക ധനകാര്യപത്രികയിലെ Advance To Implementing Officers എന്ന ഹെഡിൽ തൻവർഷത്തെ ചെലവ് 1240844/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം 533804/- രൂപയാണ്.

8) സംയുക്ത പ്രോജക്ടിനായുള്ള ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ മുന്നിരിപ്പും തൻവർഷത്തെ വരവുമുൾപ്പെടെയുള്ള തുക 2267350/-രൂപയാണ്. 1757350/- രൂപ തൻവർഷം ചെലവുണ്ട്. എന്നാൽ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 8/26.11.2022) മറുപടി നല്കിയിട്ടുണ്ട്. ആയതുപ്രകാരമുള്ള വിശദീകരണങ്ങൾ, തുടർനിർദ്ദേശങ്ങൾ ഇവയാണ്.

1) Treasury - Own Fund-VPFA-1 എന്ന അക്കൗണ്ട് വർഷങ്ങളായി ട്രാൻസാക്ഷൻ ഇല്ലാത്ത കാലഹരണപ്പെട്ട അക്കൌണ്ടാണെന്നും നിലവിൽ LGTSB അക്കൗണ്ടാണ് Own Fund Account ആയി ഉപയോഗിക്കുന്നതെന്നും അറിയിച്ചിരിക്കുന്നു. അക്കൗണ്ട് ക്ലോസ് ചെയ്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

2) എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും ടെണ്ടർ ഫോം വില ഗ്രാമപഞ്ചായത്ത് ഓഫീസിലാണ് ഒടുക്കുന്നതെന്നും അതാത് നിർവഹണ ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്ന ടെൻഡർ ഫോമിന്റെ വിവരങ്ങൾ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിന് എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകുന്നതും മേൽ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്

3) മുൻവർഷങ്ങളിൽ ലഭിക്കുവാനുള്ള തുക 2 ൽ തുടങ്ങുന്ന Prir Period ഹെഡിൽ രസീത് ചെയ്തതിനാലാണ് നെഗറ്റീവ് ഫിഗർ കാണിക്കുന്നതെന്നും ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഈടാക്കിയ തുക Stale Cheque തുടങ്ങിയവയാണ് പ്രസ്തുത ഹെഡിൽ ഉൾപ്പെട്ടിരിക്കുന്നത് എന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു. അപാകം പരിശോധിക്കേണ്ടതാണ്.

6) 2020-21 AFSപ്രകാരം കേരള വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് 2295700/-രൂപയാണ്. നഗര സഞ്ചയിക പദ്ധതിപ്രകാരമുള്ള 990000/- രൂപ ആ വർഷം ഡെപ്പോസിറ്റ് ഹെഡിൽ കാണിച്ചിണ്ടായിരുന്നില്ല. ടി തുക 21-22 അക്കൗണ്ട്സിന്റെ ഭാഗമാക്കിയിട്ടുണ്ട്.

7) Advance To Implementing Officersഹെഡിൽ 2021-22 വർഷം ചെലവ് 1240844/-രൂപയാണ്. ആയത് 533804+ വാട്ടർ ചാർജ് ആയി പ്രതിമാസം ഒടുക്കുന്ന തുക ഈ ഗ്രാം സ്വരാജ് പ്രോജക്ടിൽ അഡ്വാൻസിൽ ഉൾപ്പെടുത്തി ചെലവ് രേഖപ്പെടുത്തിയ 707040/- രൂപയും ചേർന്നതാണ്. രജിസ്റ്ററും ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടേണ്ടതാണ്.

8) നഗര സഞ്ചയിക പദ്ധതിക്കായി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ലഭിച്ച തുക 2020-21 320700305 -Contribution For Other Specific Purpose (District Panchayat) എന്ന ഹെഡിലാണ് രസീത് ചെയ്തിരുന്നത്. ആയത് 2021-22 ൽ 320700202 – Contribution For Joint Venture (Muncipal Corporation) എന്ന ശരിയായ ഹെഡിലേക്ക് മാറ്റി Journal ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 510000/- രൂപയാണ് വ്യത്യാസമായി രേഖപ്പെടുത്തിയിട്ടുള്ളത് അതിനാൽ മുൻവർഷത്തെ 320700305 എന്ന ഹെഡിൽ നീക്കിയിരിപ്പ് ഇല്ല.

B) എ.എഫ്.എസ് -ലെ ബി-4 ഷെഡ്യൂൾ പ്രകാരം വിവിധയിനങ്ങളിൽ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം 41/30.11.2022) നൽകിയ മറുപടി പ്രകാരമുള്ള വിശദീകരണങ്ങൾ ഇവയാണ്.

ഐ സി ഡി എസ് കേന്ദ്രവിഹിതം 887900/- രൂപയിൽ 740859/- രൂപ നാളിതുവരെ ചെലവ് ചെയ്തിട്ടുണ്ട്. ബാക്കി അടിയന്തിരമായി വിനിയോഗിക്കുന്നതാണ്.

Development Fund, CFC Tied, Untied, Suchitwa Mission Grant, Specific Purpose Grant, Block Share, Muncipal Corporation Share, Beneficiary Contribution എന്നിവയുടെ പദ്ധതി രൂപീകരിച്ച് തുക ചെലവ് ചെയ്യുന്നതാണ്.

Library Grantൽ അവശേഷിച്ചിരുന്ന 991/- രൂപ 2022-23 ൽ ചെലവ് ചെയ്തിട്ടുണ്ട്.

Literacy Scheme Grant- സാക്ഷരതാ പ്രവർത്തനങ്ങളുടെ ധന ഇടപാടുകൾ ഗ്രാമപഞ്ചായത്ത് മുഖേന നിലവിൽ നടക്കുന്നില്ല. പ്രസ്തുത അക്കൗണ്ടിൽ പലിശ മാത്രമാണ് വരവായിട്ടുള്ളത്.

Recoveries Payable COVID എന്ന ഹെഡിൽ ജനപ്രതിനിധികളിൽ നിന്നും കോവിഡ് ദുരിതാശ്വാസത്തിലേക്ക് സംഭാവനയായി കുറവ് ചെയ്ത തുകയാണ് അവശേഷിക്കുന്നത്. ആയത് സർക്കാരിലേക്ക് ഒടുക്കുന്നത് സംബന്ധിച്ചോ ജനപ്രതിനിധികൾക്ക് തിരികെ നൽകുന്നത് സംബന്ധിച്ചോ സർക്കാർ നിർദേശം ലഭിച്ചിട്ടില്ല. സർക്കാർ നിർദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

C) B-4 Schedule പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ മുന്നിരിപ്പുൾപ്പെടെ 292800/- രൂപ അവശേഷിക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 28/29.11.2022) ലഭ്യമാക്കിയ മറുപടി പ്രകാരം 2018 ന് മുമ്പ് Beneficiary Contribution ഇനത്തിൽ നിലനിന്നിരുന്ന തുകയാണ് 94960/-. ആയതിനോടൊപ്പം 2020 മുതലുള്ള ജലജീവൻ മിഷൻ ഗുണഭോക്തൃവിഹിതം കൂടി ചേർന്ന തുകയാണ് 292800/- രൂപ

മുന്നിരിപ്പായി അവശേഷിക്കുന്നത്. പ്രസ്തുത ഹെഡിൽ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതം വരും വർഷങ്ങളിൽ പരിശോധിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകി അക്കൗണ്ട്സ് ക്രമീകരിക്കുന്നതാണെന്നും ജലജീവൻ മിഷനും ഗ്രാമപഞ്ചായത്തും തമ്മിൽ ഗുണഭോക്തൃവിഹിതം ഒടുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം ആകാത്തതിനാലാണ് പ്രസ്തുത തുക ഒടുക്കാതിരുന്നതെന്നും ആയതിൻ മേൽ തീരുമാനം ആകുന്ന മുറയ്ക്ക് പ്രസ്തുത ഹെഡിൽ ഇടാക്കിയിരിക്കുന്ന തുക ഒടുക്ക് വരുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

നീക്കിയിരിപ്പ് തുകകൾ പൂർണമായും ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം -അപാകതകൾ

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15578482 | 15578482 | 20219320 | -4640838 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9708512 | 9708512 | 9458164 | 250348 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 10621091 | 10621091 | 6420694 | 4200397 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 5210919 | 5210919 | 3117103 | 2093816 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14525796 | 14525796 | 11726933 | 2798863 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 10348291 | 10348291 | 5522289 | 4826002 |

A) ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റും ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| Development Fund (General) | ACR | 15578482 | 14536453 | 1042029 |
| | Grant Statement | 15578482 | 20219320 | -4640838 |
| Development Fund (SCP) | ACR | 9708512 | 9003497 | 705015 |
| | Grant Statement | 9708512 | 9458164 | 250348 |
| Maintenance Fund (Road Assets) | ACR | 14525796 | 12171264 | 2354532 |
| | Grant Statement | 14525796 | 11726933 | 2798863 |
| Maintenance Fund (Non Road Assets) | ACR | 10348291 | 6097100 | 4251191 |
| | Grant Statement | 10348291 | 5522289 | 4826002 |

B) വാർഷിക ധനകാര്യപത്രികയും ACR ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | AFS | ACR |
|---|---|---|
| Maintenance Fund (Road Assets) | 11726933 | 12171264 |
| Maintenance Fund (Non Road Assets) | 5522289 | 6097100 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 8162998 | 6420694 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 3832569 | 3117103 |

ആയതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 30/29.11.22) വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് എന്നിവയിലെ തുകകൾ തമ്മിലുള്ള വ്യത്യാസത്തിനു കാരണം ഉറവിടത്തിൽ തന്നെ കുറവ് ചെയ്തതിനാലാണെന്നും മെയിന്റനൻസ് ഗ്രാൻഡ് റോഡ്, നോൺ റോഡ് ഇനത്തിൽ അലോട്ട്മെന്റ് 31.03.2022 ന് നൽകിയെങ്കിലും ബിൽ മാറാത്തതിനാലാണ് മെയിന്റനൻസ് ഗ്രാൻഡ് റോഡ്, നോൺ റോഡ് ഇനത്തിൽ ACR ൽ വ്യത്യാസം വന്നിട്ടുള്ളത് എന്നും അറിയിച്ചിരിക്കുന്നു.

## 1-4 പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 13 | 11 | 2 | 85 | 1979219 | 1703641 | 86 |
| Ii | വെറ്റിനറി സർജൻ | 12 | 9 | 3 | 75 | 6732000 | 5458197 | 81 |
| Iii | മെഡിക്കൽ ഓഫീസർ - PHC | 13 | 11 | 2 | 85 | 4609620 | 4149935 | 90 |
| Iv | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 2 | 1 | 67 | 385000 | 335000 | 87 |
| V | മെഡിക്കൽ ഓഫീസർ - ആയുർവേദം | 5 | 4 | 1 | 80 | 1390000 | 1327978 | 96 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 15 | 10 | 60 | 227816087 | 18342608 | 8 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 11 | 2 | 85 | 7882000 | 6967845 | 88 |
| Viii | സെക്രട്ടറി | 33 | 18 | 15 | 55 | 17787872 | 13928058 | 78 |
| Ix | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | - | 100 | 1599000 | 380308 | 24 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 117 | 75 | 42 | 64 | 42125599 | 22412628 | 53 |
| Xi | എച്ച്.എം. | 6 | 4 | 2 | 67 | 1455500 | 663428 | 46 |
| Xii | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 100 | 2100000 | 1672115 | 80 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 17 | 14 | 3 | 82 | 99932722 | 3199595 | 3 |
| ആകെ | | 261 | 178 | 68 | 77 | 415794619 | 80541336 | 19 |

1) ആകെ വകയിരുത്തിയതിന്റെ 19 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

2) അസിസ്റ്റന്റ് സെക്രട്ടറിയുടെ ഫണ്ട് വിനിയോഗം 3%, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ഫണ്ട് വിനിയോഗം 24%, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഫണ്ട് വിനിയോഗം 8% എന്നിവയാണ്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 9000 | 6 |
| കർഷക തൊഴിലാളി പെൻഷൻ | 3358200 | 233 |
| വിധവാ പെൻഷൻ | 25793200 | 1694 |
| വാർദ്ധക്യകാല പെൻഷൻ | 52052400 | 3763 |
| വികലാംഗ പെൻഷൻ | 7418400 | 497 |
| വിവാഹ ധനസഹായം | 330000 | 11 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 792000 | 53 |

## 1-5-1 സർവ്വീസ് പെൻഷൻ വാങ്ങുന്ന വ്യക്തികൾ അനർഹമായി തുക കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടറുടെ 13.03.2021 തീയതിയിലെ ADP/TVM/711/2020-PA2

കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഐഡി | പേര് |
|---|---|---|
| 1 | 102840200608 | സുഭദ്രാമ്മ |
| 2 | 102840200761 | ശാന്തകുമാരി |
| 3 | 102840201437 | ലളിതാംബിക ദേവി |
| 4 | 102840201446 | സരോജിനി പി എൽ |
| 5 | 102840201585 | പങ്കജം ബി |
| 6 | 102840201653 | വേലായുധൻ എം |
| 7 | 102840201717 | സ്റ്റെല്ലാ |
| 8 | 102840201844 | വേലപ്പൻ |
| 9 | 102840202027 | ലീലാവതി കെ |
| 10 | 102840202138 | മേഴ്സി ബായി |
| 11 | 10284040038 | നാഗപ്പൻ നായർ |
| 12 | 102840400202 | സുധാകുമാരി |
| 13 | 102840601007 | നിർമ്മല |
| 14 | 102840601182 | കൃഷ്ണമ്മ ബി |
| 15 | 102840601219 | കനകമ്മ ജെ |
| 16 | 102840601221 | ലില്ലി |
| 17 | 102840601252 | ശ്യാമള |
| 18 | 102840601260 | വസന്ത |

ഗുണഭോക്താക്കൾ അനർഹമായി പെൻഷൻ ഇനത്തിൽ കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.40/30.11.2022) മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെന്റ് ചെയ്യുന്നില്ല

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യപ്പെടുന്നതാണ്. എന്നാൽ സൈനലാബ്ദീൻ എന്ന വ്യക്തി (പെൻഷനർ ഐഡി. 101750204570) 02.06.2021 ന് മരണപ്പെട്ടിട്ടും 2021 ജൂലൈ മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെ പെൻഷൻ നല്കുകയും സസ്പെന്റ് ചെയ്യാതെ ആക്റ്റീവായി സ്റ്റാറ്റസ് നിലനിർത്തുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 40/30.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-5-3 മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | പേര് | പെൻഷണർ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | അനർഹമായി പെൻഷൻ വിതരണം ചെയ്ത കാലയളവ് |
|---|---|---|---|---|---|
| 1 | രഥമോഹനൻ.എസ് | 102760203733 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.04.21 | 5/21 - 8/21 |
| 2 | രവിബാലൻ | 102760201814 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 09.05.21 | 6/21 - 2/22 |
| 3 | ഗോമതിയമ്മ | 101750100493 | കർഷക പെൻഷൻ | 07.05.21 | 6/21 - 9/21 |
| 4 | കെ.ശ്രീധരൻ നായർ | 102760202902 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 24.05.21 | 6/21 - 10/21 |
| 5 | വേലായുധൻ നായർ.ജി | 102760202307 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 04.05.21 | 6/21 - 10/21 |

| | | | | | |
|---|---|---|---|---|---|
| 6 | കൃഷ്ണമ്മാൾ.എ | 102760201816 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28.05.21 | 6/21 - 8/21 |
| 7 | സൈനുല്ലാബ്ദീൻ | 101750204570 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 02.06.21 | 7/21 - 9/22 |
| 8 | രാധ.എൻ | 102760203344 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 28.05.21 | 6/21 - 10/21 |

ധനകാര്യവകുപ്പിന്റെ സർക്കുലർ നം. എസ്.എഫ്.സി.-ബി2/53/2017/ധന തീയതി 22.01.2018 പ്രകാരം മരണപ്പെട്ട പെൻഷണർമാരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഇപ്രകാരം ഡാറ്റാബേസ് പുതുക്കാത്തതിനാൽ മാത്രം സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ അധികചെലവ് ഉണ്ടാകുന്നു. ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 39/30.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ സസ്പെന്റ് ചെയ്യാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2022 -ാം തീയതി 11:39 AM ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,150/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 തൊഴിലുറപ്പ് പദ്ധതി

(അവലംബം ഓഡിറ്റ് എൻക്വയറി നം. 14, 26.11.2022)

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 20 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 9717 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 5513 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2659 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 802 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 50 |
| ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 1567 |
| വകയിരുത്തിയ തുക | 160740002 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 347 |
| കൂലിയിനത്തിലെ ചെലവ് | 52150667 |
| കൂലിയിതരയിനത്തിലെ ചെലവ് | 2942346 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് | 55093013 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 55093013 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2022 മുതൽ 16.06.2022 വരെ | 01.08.2021 മുതൽ 31.03.2022 വരെ | 08.08.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.03.2017 മുതൽ 23.03.2017 | 2011-12 മുതൽ 2015-16 വരെ | 05.05.2017 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം അടിസ്ഥാന വികസന വിഷയങ്ങളിൽ നേട്ടം കൈവരിക്കുന്നതിന് താഴെ പറയുന്ന വിഷയങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

1) നികുതിയിനങ്ങൾ, ലൈസൻസ്, ഫീസ് മുതലായ നികുതിയേതര ഇനങ്ങൾ എന്നിവയിലൂടെയുള്ള തനതുവരുമാന ശേഖരണത്തിൽ കൂടുതൽ ജാഗ്രത പുലർത്തണം.

2) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം അപാകങ്ങൾ പരിഹരിച്ച് അനർഹർക്ക് തുക നൽകുന്നത് ഒഴിവാക്കണം.

3) ബജറ്റ് തയ്യാറാക്കുന്നതിലും ബജറ്റ് വകയിരുത്തലുകൾക്ക് വിധേയമായി തുക ചെലവ് ചെയ്യുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

4) വാർഷിക ധനകാര്യ പത്രിക സ്ഥാപനത്തിന്റെ സാമ്പത്തിക നില പ്രതിഫലിപ്പിക്കുന്ന രീതിയിൽ കുറ്റമറ്റതായി തയ്യാറാക്കേണ്ടതുണ്ട്.

5) പദ്ധതിച്ചെലവുകളുടെ കാര്യത്തിൽ ലഭ്യമാകുന്ന ഫണ്ട് പൂർണമായും ഫലപ്രദമായും ഉപയോഗിക്കാൻ ശ്രമിക്കണം.

ഓഡിറ്റിന് ലഭ്യമാക്കിയ എച്ച്.എം.സി അക്കൗണ്ട് പാസ്ബുക്ക് പ്രകാരം എച്ച്.എം.സി. ഫണ്ടിൽ 2021-22 വർഷം 10 ലക്ഷത്തിലധികം രൂപയുടെ വരവുണ്ട്. ഒ.പി. ടിക്കറ്റ് പ്രിന്റിംഗ്, ഇ.സി.ജി പേപ്പർ വാങ്ങൽ തുടങ്ങിയ ചെലവുകൾ എഫ്.എച്ച്.സി എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുള്ള പ്രോജക്ടിന്റെ (നം. 61/2022) ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. എന്നാൽ ഒ.പി. ടിക്കറ്റ്, ഇ.സി.ജി വരവ് എന്നിവ എച്ച്.എം.സി. അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ വരും വർഷങ്ങളിൽ എച്ച്.എം.സി. ഫണ്ടിൽ നിന്നുതന്നെ മേൽപരാമർശിച്ച ചെലവുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ലൈസൻസ് ഇല്ലാതെ സിമന്റ് ഗോഡൗണുകൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്തീരാജ് സെക്ഷൻ 233 എ പ്രകാരം പഞ്ചായത്തിന്റെ അനുമതി കൂടാതെയും അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ഏതെങ്കിലും ഫാക്ടറിയോ, വർക്ക്ഷോപ്പോ, പണിസ്ഥലമോ നിർമ്മിക്കാനോ സ്ഥാപിക്കാനോ പാടില്ല. 12/2/21-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 16-ാം നമ്പർ തീരുമാന പ്രകാരം റസ്സൽപുരം വാർഡിൽ തേമ്പാമുട്ടം ചാനൽ പാലം മുതൽ റസ്സൽപുരം വാർഡിലെ സിമൻറ് ഗോഡൗൺ വരെയുള്ള നെയ്യാർ കനാലിനോട് ചേർന്ന സുരക്ഷാഭിത്തി കെട്ടുന്നതിന് എ.ഇ.യോട് അഭ്യർത്ഥിച്ചുവെന്ന് മിനിട്സിൽ രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത സിമൻറ് ഗോഡൗണിന് ലൈസൻസ് നൽകിയോയെന്നും, ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര സിമന്റ് ഗോഡൗണുകൾ പ്രവർത്തിക്കുന്നുവെന്നും, അവയിൽ 2021-22 വർഷത്തിൽ എത്ര ഗോഡൌണുകൾക്ക് ലൈസൻസ് നൽകിയെന്നുമുള്ള വിവരത്തിനായി നൽകിയ അന്വേഷണകുറിപ്പ് 26/2022-ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ 3 സിമന്റ് ഗോഡൗണുകൾ പ്രവർത്തിക്കുന്നതായും 2021-22 വർഷത്തിൽ 1 സിമന്റ് ഗോഡൗണിന് ലൈസൻസ് നൽകിയതായും റസ്സൽപുരം വാർഡിലെ സിമൻറ് ഗോഡൗണിന് ലൈസൻസ് നൽകിയിട്ടില്ലായെന്നും അറിയിച്ചു. മറുപടിയിൽ നിന്നും പഞ്ചായത്തിലെ പ്രധാന സിമൻറ് ഗോഡൗണുകൾക്ക് ലൈസൻസ് നൽകുന്നതിൽ പഞ്ചായത്ത് വേണ്ട നടപടി സ്ഥീകരിച്ചിട്ടില്ലായെന്നും അതിൽ പ്രകാരം തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചതായും ഓഡിറ്റ് വിലയിരുത്തുന്നു. 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 234(3) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ, മറ്റു സംഖ്യകളോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ ഉദ്യോഗസ്ഥരുടേയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ, അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം കാരണക്കാരായ ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാം. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമം അനുശാസിക്കും പ്രകാരം ലൈസൻസും മറ്റ് നികുതികളും അടവാക്കിയെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം. പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യമായ നടപടിയ്ക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 1-11 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി. സിവിൾ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.) എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻകടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കിട്ടുണ്ട്. ആയതിനാൽ പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി അടവാക്കാത്ത പക്ഷം റേഷൻകടകളുടെ മേൽ അധികാരിയെന്ന നിലയിൽ താലൂക്ക് സപ്ലൈ ആഫീസർക്ക് അറിയിപ്പ് നൽകി പ്രസ്തുത നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്ഥീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ വിസ്തീർണം സഞ്ചയയിലെ വിസ്തീർണവുമായി പൊരുത്തപ്പെടുന്നില്ല

കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ-2011) പ്രകാരം ഒരു കെട്ടിടം പണിപൂർത്തിയായി നമ്പറിങ്ങിനായി അപേക്ഷ സമർപ്പിക്കപ്പെട്ടു കഴിഞ്ഞാൽ പഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗം സ്ഥലപരിശോധന നടത്തുകയും നിർമ്മാണം നിയമാനുസൃതമാണെങ്കിൽ നമ്പർ നൽകി വസ്തുനികുതി ഡിമാൻഡ് വരുത്തുന്നു. കെട്ടിടത്തിന്റെ തറ വിസ്തീർണത്തിന്റെ അടിസ്ഥാനത്തിലാണ് നികുതി നിർണയിക്കപ്പെടുന്നത്. പഞ്ചായത്തിലെ ചില കെട്ടിടങ്ങളുടെ യഥാർത്ഥ തറ വിസ്തീർണവും സഞ്ചയയിലെ വിസ്തീർണവും തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്ന് കണ്ടെത്തി. ഉദാഹരണമായി 2021-22 ൽ "അംഗൻവാടികൾക്ക് അധിക വാടക നൽകൽ" പദ്ധതി പ്രകാരം വാടകയ്ക്ക് എടുത്ത കെട്ടിടങ്ങൾക്ക് വാടക നൽകുന്നതിന് എ.ഇ. നൽകിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റുകളിൽ വിവരിക്കുന്ന പ്രസ്തുത കെട്ടിടങ്ങളുടെ വിസ്തീർണം സഞ്ചയയിലെ വിസ്തീർണവുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| അംഗൻവാടി നം. | കെട്ടിട നം. | സഞ്ചയയിലെ വിസ്തീർണം | എ.ഇ നിശ്ചയിച്ച ഏരിയ |
|---|---|---|---|
| 3 | 1/70 | 30 M2 | 37.18 M2 |
| 5 | 2/470 | 45 M2 | 638.44 ച.മീ |
| 9 | 4/422 | 30 M2 | 471,28 ച.മീ. |
| 10 | 4/366 | 30 M2 | 467.41 ചമീ |
| 14 | 6/190 | Not Found | 694.07 ച.മീ. |
| 18 | 10/475 | 40 M2 | 756.33 ച.മീ |
| 21 | 10/358 | 25 M2 | 532.94 ച.മീ. |
| 26 | 13/572 | 20.6m2 | 600.51ച.മീ. |
| 28 | 14/446 | 40 M2 | 542.52 ച.മീ |
| 30 | 16/189 | 50m2 | 661.23 ച.മീ. |
| 31 | 14/347 | 63 M2 | 822.60 ച.മീ. |

ഇപ്രകാരം കണ്ടെത്തിയ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 43/22-ന് മറുപടി സെക്രട്ടറി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ യഥാർത്ഥവിസ്തീർണം സഞ്ചയയിലെ വിസ്തീർണവുമായി പൊരുത്തപ്പെടുത്തില്ലായെങ്കിൽ നികുതി ചോർച്ചയ്ക്ക് കാരണമാവുന്നതാണ്. ഒരു കെട്ടിത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണത്തിലോ, ഉപയോഗത്തിലോ വരുന്ന യാതൊരു മാറ്റവും കെട്ടിട ഉടമ 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അല്ലാത്തപക്ഷം സെക്രട്ടറിയ്ക്ക് അയാളുടെമേൽ ആയിരം രൂപ അല്ലായെങ്കിൽ പുതിയതായി വസ്തുനികുതി നിർണ്ണയം മൂലം ഉണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ ആയത് പിഴയായി ചുമത്താവുന്നതാണ്. ആയതിനാൽ മേൽ വിവരിച്ച കെട്ടിടങ്ങളുടെ അപാകങ്ങൾ പരിഹരിച്ചും ഉചിതമായ നടപടി സ്ഥീകരിച്ചും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കൽ ഊർജിതമാക്കണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ ജനക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സ്ഥാപനത്തിന് ലഭിക്കേണ്ട തനത് നികുതികൾ പൂർണമായി പിരിച്ചെടുക്കേണ്ടത് പ്രസ്തുത സ്ഥാപനത്തിന്റെ കടമയാണ്. നികുതികൾ സമയബന്ധിമായി പിരിച്ചെടുത്തില്ലായെങ്കിൽ കാലഹരണപ്പെടാനും പ്രസ്തുത നികുതികൾ സ്ഥാപനത്തിന് നഷ്ടപ്പെടാനും കാരണമാവുന്നതാണ്. നികുതി പിരിച്ചെടുന്നതിലെ അലംഭാവം ഭീമമായ വസ്തുനികുതി കുടിശ്ശികയായി അവശേഷിക്കുന്നതായി സ്ഥാപനം ഹാജരാക്കിയ വസ്തുനികുതി D.C.B സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | കുടിശ്ശിക | | |
|---|---|---|---|
| | അരിയർ | കറന്റ് | ആകെ |
| 1 | 89425 | 66998 | 156423 |
| 2 | 94202 | 53281 | 147483 |
| 3 | 101837 | 101609 | 203466 |
| 4 | 63252 | 44454 | 107675 |
| 5 | 141380 | 148704 | 287464 |
| 6 | 162756 | 124708 | 287464 |
| 7 | 51750 | 42217 | 93967 |

| | | | |
|---|---|---|---|
| 8 | 130689 | 125956 | 256645 |
| 9 | 141194 | 80838 | 222032 |
| 10 | 73881 | 43937 | 117818 |
| 11 | 83426 | 40846 | 124272 |
| 12 | 51054 | 39324 | 90378 |
| 13 | 48855 | 39048 | 87903 |
| 14 | 38680 | 23031 | 61711 |
| 15 | 85341 | 57421 | 142762 |
| 16 | 1693 | 2147 | 3840 |
| 17 | 75646 | 56806 | 132452 |
| 18 | 109875 | 69011 | 178886 |
| 19 | 880674 | 280927 | 1161601 |
| 20 | 169101 | 104040 | 273141 |
| ആകെ | 2594711 | 1545303 | 4139980/-* |

(*-അരിയർ തുകയും കറന്റ് ഇനത്തിലെ തുകയും തമ്മിൽ കൂട്ടുമ്പോൾ 4140014/- രൂപയാണ്. 34/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.) വസ്തുനികുതി കുടിശ്ശിക അടവാക്കുന്നതിനായി സമയബന്ധിതമായി ഡിമാന്റ് നോട്ടീസ് നല്കി പിരിച്ചെടുക്കേണ്ടതും, കുടിശ്ശിക അടവാക്കാത്ത പക്ഷം 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) വ്യവസ്ഥ ചെയ്യതിട്ടുള്ള പ്രകാരം ജപ്തി, പ്രോസിക്യൂഷൻ, വ്യവഹാരം എന്നീ നിയമാനുസൃത നടപടികൾ സ്ഥീകരിക്കേണ്ടതാണ്. തനത് ഫണ്ട് ഇനത്തിൽ ലഭിക്കേണ്ട വസ്തുനികുതി സയബന്ധിതമായി പിരിച്ചെടുന്നതിന് ഭരണ-ഉദ്യോഗസ്ഥ തലത്തിൽ സത്വര നടപടികൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും സ്ഥീകരിക്കേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ രഹിത വേതനം - അപാകതകൾ

വാർഷിക ധനകാര്യപത്രിക പ്രകാരം തൊഴിൽ രഹിത വേതനമിനത്തിൽ 2021-22 വർഷത്തെ ചെലവ് 9000/- രൂപയാണ്. ബിൽ നം 6/21-22 തീ. 24.8.21 , 31/21-22, തീയതി. 26.03.22 പ്രകാരം ഈ തുക 6 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടുകളിലേയ്ക്കാണ് നൽകിയിരിക്കുന്നത്. സ.ഉ. (അച്ചടി) നം. 139/2019/ധന തീയതി തിരുവനന്തപുരം 15.10.2019 ൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ നില, വ്യക്തിഗത കുടുംബ വാർഷിക വരുമാനം, തൊഴിൽ നില, താമസം മുതലായവ എല്ലാ മാസവും വ്യത്യാസപ്പെടാൻ സാധ്യതയുള്ളതിനാൽ ഓരോ തവണയും വേതനം ഗുണഭോക്താവിന്റെ അക്കൌണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് 15 ദിവസം മുൻപ് ഗുണഭോക്താവ് തദ്ദേശഭരണ സ്ഥാപനത്തിൽ നേരിട്ട് ഹാജരായി വെരിഫിക്കേഷൻ നടത്തേണ്ടതാണെന്നും ടിയാളിൽ നിന്നും അർഹത സംബന്ധിച്ച സത്യവാങ്മൂലം എഴുതി വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി വച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണെന്നും ആയത് ത.സ്വ.ഭരണാധികാരി സാക്ഷ്യപ്പെടുത്തി നല്കുന്ന ലിസ്റ്റിലുള്ളവർക്ക് മാത്രമേ തൊഴിൽ രഹിത വേതനം അനുവദിക്കാൻ പാടുള്ളൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 19/28.11.222) അർഹത സംബന്ധിച്ച് ഗുണഭോക്താക്കൾ നൽകേണ്ട സത്യവാങ്മൂലം ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയത് ത.സ്വ.ഭരണാധികാരി സാക്ഷ്യപ്പെടുത്തി നല്കിയതായി കാണുന്നില്ല. ആനുകൂല്യം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഹരിത കർമ്മസേന – തരം തിരിച്ച് നൽകിയ ഖരമാലിന്യത്തിന് തുകയിൽ ക്ലീൻ കേരളാ കമ്പനിയിൽ നിന്നും തുക ലഭ്യമാകാത്തത് സംബന്ധിച്ച്

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

2021-22 വർഷത്തിൽ ക്ലീൻ കേരളാ കമ്പനിക്ക് ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേന വഴി ശേഖരിച്ച 7997.85 കിലോ തരം തിരിച്ച ഖരമാലിന്യങ്ങൾ നൽകിയിട്ടുണ്ടെന്നും, ഈയിനത്തിൽ 2762/- രൂപ മാത്രമാണ് ക്ലീൻ കേരള കമ്പനിയിൽ നിന്നും ഹരിതകർമ്മാ സേനയ്ക്ക് ലഭിച്ചതെന്നും, 61,214/- രൂപ കിട്ടാൻ അവശേഷിക്കുന്നതായും ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണ നം.-35) നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ വ്യക്തമാക്കി. ഇതേ കാലയളവിൽ തരം തിരിക്കാത്ത മാലിന്യങ്ങൾ ഏറ്റെടുത്ത വകയിൽ ക്ലീൻ കേരള കമ്പനിക്ക് 12272/- രൂപ പഞ്ചായത്ത് നൽകിയതായും അറിയിച്ചിട്ടുണ്ട്. 2021-22

വർഷത്തിൽ യൂസർ ഫീ ഇനത്തിൽ 15,68,361/- രൂപ ലഭിച്ചതായും സെക്രട്ടറി അറിയിച്ചു.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ NEO AGENCIES എന്ന സഹായ സ്ഥാപനവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ട് ഫീ നൽകി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഖരമാലിന്യ ശേഖരണവും തരം തിരിക്കലും ഊർജ്ജിതമാക്കേണ്ടതും, ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭിക്കേണ്ട തുക ഈടാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 സിമന്റ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഫോം വർക്ക് ഉൾപ്പെടുന്ന നിരക്ക് നൽകി- ഭാവിയിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതുമാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ സൈഡ് വാൾ/ഡ്രെയിൻ നിർമ്മിക്കുന്നതിന വേണ്ടി എസ്കവേഷൻ നടത്തുകയും, എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും 10 Cm കനത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ആയതിന് MoRD-ലെ 11.4.1.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത ഇനം ഫോം വർക്ക് ആവശ്യമായിട്ടുള്ള സിമന്റ് കോൺക്രീറ്റ് പ്രവൃത്തിക്കുള്ളതാണ്. മേൽ പ്രവൃത്തികളിൽ എസ്കവേഷൻ നടത്തിയ അതേ നീളത്തിലും വീതിയിലും ബെഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതിനാൽ ഫോം വർക്ക് ആവശ്യമായി വരുന്നില്ല.

1. 202/21-22, Construction Of Side Wall And Drain At Edamankuzhy In Ward 15
2. 46/21-22, Construction Of Side Wall At Mondukonam Panamkimavila Footpath
3. 37/21-22, Cherumala Sidewall Construction In Ward 1
4. 44/21-22, Construction Of Drain At Parayakonam Konattuvila
5. 97/21-22, Construction Of Sidewall At Edayakonamthodu Bund In Ward 1
6. 220/21-22, Construction Of Sidewall And Culvert At Vellikottukonam Nedumkulam
7. 225/21-22, Construction Of Sidewall At Nedumkarakunnu Thodu

ഈ രീതിയിൽ പ്രവർത്തി നിർവ്വഹിക്കുന്നതിനുണ്ടായ കാരണം വ്യക്തമാക്കുന്നതിനായി 28.11.2022 ൽ ഓഡിറ്റ് എൻക്വയറി നം. 21 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവർത്തി ഇപ്രകാരം നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകത വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 സൈഡ് വാൾ നിർമ്മാണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കാതെ പ്രവൃത്തി നിർവ്വഹിച്ചു-വിശദീകരണം ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ സൈഡ് വാൾ നിർമ്മാണ പ്രവൃത്തിയിലെ അപാകത ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 194/21-22 |
| പ്രോജക്ടിന്റെ പേര് | Construction Of Side Wall Kozhode Puthichal Road Ward 10 |
| എസ്റ്റിമേറ്റ് നം. | 2020/78996, DSR 2016, Cost Index 37.93%, 400000/- |
| കരാറുകാരൻ | അനന്തകുമാർ |
| എം.ബുക്ക് നമ്പർ | 320/20-21 |
| ബിൽ നം. | 313/25.2.2022, 397618 |
| ഫണ്ട് | CFC Grant |
| ടെണ്ടർ നിരക്ക് | Estimate Rate |

ടി പ്രവർത്തിയിൽ 56.4 M X .45 M X .5 M അളവിൽ എസ്കവേഷൻ നടത്തിയതിന ശേഷം 2.52 M3, 5.06 M3 അളവിൽ

ബേസ്, ഫൗണ്ടേൻ കോൺക്രീറ്റ് നടത്തുകയും തുടർന്ന് 4.66 M3 അളവിൽ 1: 2.5 :5 അനുപാതത്തിൽ സൈഡ് വാൾ (CC) നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

അപാകത

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ ധനകാര്യവകുപ്പിന്റെ (സാങ്കേതിക പരിശോധനാ വിഭാഗം) 19.09.2016-ലെ 78/2016 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു. സാങ്കേതികമായി സൈറ്റിൽ ആവശ്യമില്ലാത്തതും ഉയർന്ന മൂല്യമുള്ളതുമായ ഇനങ്ങൾ ഉൾപ്പെടുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തന്മൂലം പൊതുപണത്തിന്റെ ദുർവ്യയത്തിന് കാരണമാകുന്നുവെന്നും അതിനാൽ സ്റ്റാന്റേഡ് ഡാറ്റായിലെ ഇനങ്ങളുടെ നിരക്ക് വിശകലനം ചെയ്തും താരതമ്യം ചെയ്തും ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി വേണം എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതെന്ന് പ്രസ്തുത പരിപത്രത്തിന്റെ 6-ാംഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സിമന്റ് കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമാണത്തിന് CC 1 : 3 : 6 (M10) -ന പകരം CC 1 : 2 : 4 (M15) ഉപയോഗിക്കുന്ന പ്രവണതയാണ് പ്രസ്തുത കണ്ടെത്തൽ സാധൂകരിക്കാൻ പരിപത്രത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ പ്രസ്തുത നിർദ്ദേശം നിലനിൽക്കെ, മേൽ പറഞ്ഞ പ്രവൃത്തി ഉയർന്ന അനുപാതത്തിൽ ചെയ്യാനുണ്ടായ കാരണം വ്യക്തമാക്കുന്നതിനായി 28.11.2022 തീയതി ഓഡിറ്റ് എൻക്വയറി നം.22 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രീതിയിൽ പ്രവർത്തി നിർവ്വഹിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-18 വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിൽ മെറ്റീരിയൽ ഉപയോഗിച്ചതിന്റെ വിശദാംശങ്ങൾ - ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 144/21-22 |
| പ്രോജക്ടിന്റെ പേര് | Construction Of Waiting Shed In Balaramapuram Junction |
| എസ്റ്റിമേറ്റ് നം. | 2021/46922, DSR 2016, Cost Index 37.93%, 490000/- |
| കരാറുകാരൻ | പുഷ്പാംഗദൻ |
| എം.ബുക്ക് നമ്പർ | 468/21-22, 467/21-22 |
| ബിൽ നം. | 454/26.3.2022, 478634/- |
| ഫണ്ട് | CFC Grant |
| ടെണ്ടർ നിരക്ക് | Estimate Rate |

ടി പദ്ധതി റിവൈസ് ചെയ്ത് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. എംബുക്ക് പേജ് നം.10 പ്രകാരം 10.16.1 (Steel Work In Built Up Tubular (Round, Square Or Rectangular Hollow Tubes Etc.) Trusses Etc., Including Cutting, Hoisting, Fixing In Position And Applying A Primingcoat Of Approved Steel Primer, Including Welding And Bolted With Special Shapedwashers Etc. Complete.) എന്ന സ്പെസിഫിക്കേഷൻ പ്രകാരം 8 M X 2.5 M അളവിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചിരിക്കുന്നതെന്ന് കാണുന്നു. ക്രമ നം. ഐറ്റം 10 പ്രകാരമുള്ള Purlin/rafter എന്നിവയുടെ അളവുകൾ ചുവടെ പറയുന്നു.

| അളവ് | എണ്ണം | നീളം | ആകെ നീളം | ആകെ ഭാരം |
|---|---|---|---|---|
| 40 X 40 X 4 Rafter | 16 | 2.55 | 40.8 | 177.48 |
| 40 X 40 X 4 Rafter | 16 | 8 | 128 | 556.8 |
| 40 X 40 X 4 Rafter | 32 | 8 | 256 | 1113.6 |
| 40 X 40 X 4 Beam | 16 | 2.2 | 35.2 | 153.12 |
| 25 X 25 X 2 Purlin | 8 | 8 | 64 | 108.16 |
| 25 X 25 X 2 Beam | 2 | 8 | 16 | 27.04 |

ഇപ്രകാരം ആകെ 2136.2 Kg GI പൈപ്പുകൾ Structure നിർമ്മാണത്തിനായി മാത്രം ഉപയോഗിച്ചിട്ടുണ്ട്. കേവലം 8 M X 2.5 M മാത്രം വലിപ്പം വരുന്ന വെയിറ്റിംഗ് ഷെഡിനായി പ്രസ്തുത അളവിൽ മെറ്റീരിയിൽ ഉപയോഗിച്ചതിന്റെ

വിശദാംശങ്ങൾ വ്യക്തമാക്കുന്നതിനും, Purlin/rafter എന്നിവയുടെ സ്പെയിസിംഗ്/സ്കെച്ച് എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നതിനായി 29.11.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി 34 നൽകിയിരുന്നുവെങ്കിലും ആയതിന് വിശദീകരണമോ, ഓഡിറ്റ് ആവശ്യപ്പെട്ട രേഖകളോ ലഭ്യമാക്കിയില്ല. മേൽ പ്രതിപാദിച്ച രീതിയിൽ പ്രവൃത്തി നിർവ്വഹിച്ചതിൽ അധികച്ചെലവുണ്ടായോ എന്നത് പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-19 പഞ്ചായത്തിന് വിട്ടു നൽകിയ സ്ഥലം ആസ്തിയിലുൾപ്പെടുത്തിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ 19.01.2022 തീയതിയിലെ തീരുമാന നമ്പർ :- 32 പ്രകാരം പുന്നയ്ക്കാട് വാർഡിലെ പുന്നയ്ക്കാട് പറയാകോണം കോനാട്ടുവിള റോഡിന് സ്ഥലം വിട്ടുനൽകികൊണ്ട് താഴെ കാണുംപ്രകാരം ആൾക്കാർ ലാൻറ് റിലിങ്ക്വിഷ്മെൻറ് ഫോം സമർപ്പിച്ചിട്ടുമുണ്ട്.

1. സോഫി

   പന്നിക്കറത്തല പുതുവൽ പുത്തൻ വീട്

   പുന്നയ്ക്കാട്, പെരുമ്പഴുതൂർ

   റീ.സർവ്വെ നം. 641/27-2

   വിട്ടുനൽകുന്നത് – 0.07.56

2. സുധ

   പന്നിക്കറത്തല പുതുവൽ പുത്തൻ വീട്

   പുന്നയ്ക്കാട്, പെരുമ്പഴുതൂർ

   റീ.സർവ്വെ നം. 641/27-1

   വിട്ടുനൽകുന്നത് – .0007 ആർ വസ്തു

3. ലെനിൻ ജോസ്

   പുതുവൽ പുത്തൻ വീട്

   പുന്നയ്ക്കാട്, പെരുമ്പഴുതൂർ

   റീ.സർവ്വെ നം. 641/27-3

   വിട്ടുനൽകുന്നത് – 0.08

4 കെ.രാജേന്ദ്രൻ

   പന്നിക്കറത്തല വീട്

   പുന്നയ്ക്കാട്, പെരുമ്പഴുതൂർ

   റീ.സർവ്വെ നം. 641/11-2-1

   വിട്ടുനൽകുന്നത് – 0.0011

5. അനൂപ് .എ

   കോനാട്ടുവിള പുതുവൽ പുത്തൻ വീട്

   പുന്നയ്ക്കാട്, പെരുമ്പഴുതൂർ

   റീ.സർവ്വെ നം. 641/11-1

   വിട്ടുനൽകുന്നത് – . 0024

6. ഗ്ലോറി

   പുതുവൽ പുത്തൻ വീട്

   പുന്നയ്ക്കാട്, പെരുമ്പഴുതൂർ

   റീ.സർവ്വെ നം. 641/27-4

   വിട്ടുനൽകുന്നത് – .0006

7. ആർ സെൽവി

പന്നിക്കരത്തല

പുന്നയ്ക്കാട്, പെരുമ്പഴുതൂർ

റീ.സർവ്വെ നം. 641/11-2-2

വിട്ടുനൽകുന്നത് – . 0014

പ്രസ്തുത വസ്തു പഞ്ചായത്തിൻറെ പേരിലേയ്ക്ക് മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ ബാലരാമപുരം വില്ലേജ് ആഫീസറോട് അഭ്യർത്ഥിക്കുന്നതിനും, മേൽ പറഞ്ഞ വസ്തുക്കൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലേയ്ക്ക് ഉൾപ്പെടുത്തുന്നതിനും ഭരണ സമിതി തീരുമാനിച്ചു. അപ്രകാരം ചെയ്തതിന്റെ വിശദ വിവരങ്ങൾ ലഭ്യമാകുന്നതിനായി 26.9.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-13 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭരണ സമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 അസറ്റ് മാനേജ്മെന്റ് -സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. അതിൻ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിട്ടുണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം, തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നെങ്കിൽ അതിന്റെ വിശദവിവരം, ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നതിന്റെ വിവരം, മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2021-22 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു എന്ന് വിശദമാക്കുന്നതിനും കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി പരിപാലനം സംബന്ധിച്ച മാന്വലിലെ അഞ്ചാം അധ്യായത്തിൽ ഉപയോഗശൂന്യമായ ആസ്തികൾ സമയബന്ധിതമായി കയ്യൊഴിയണമെന്നും നിർദ്ദേശിച്ചിട്ടുള്ളത് പ്രാവർത്തികമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി 26.9.2022 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം.-13 നൽകിയിരുന്നു. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാകുന്നു. സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 നിർമ്മാണം പൂർത്തിയാക്കിയ എയിറോബിനുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

വിവിധ വാർഡുകളിൽ എയിറോബിൻ സ്ഥാപിക്കുന്നതിനായി പദ്ധതി രൂപീകരിച്ച് (Pr.no.187/21-22, Contractor, Florest Technology) അസിസ്റ്റന്റ് എൻജിനീയർ മുഖാന്തിരം നടപ്പിലാക്കുകയും ആയതിന് ബിൽ നം. 417/23.3.2022, 4,14,000/-, Cheque No.203025/31.3.2022, 10,62,655/- എം ബുക്ക് നം 397/21-22 പ്രകാരം 14,76,655/- രൂപ ചെലവഴിക്കുയും ചെയ്തിട്ടുണ്ട്. 29.11.2022 ൽ നടന്ന സ്ഥലപരിശോധനയിൽ പ്രസ്തുത സ്ഥലങ്ങൾ പരിശോധിച്ചിരുന്നു. ആയവയിൽ ഹൗസിംഗ് ബോർഡ് ബിൽഡിംഗിലുള്ള ബിൻ മാത്രമാണ് പ്രവർത്തനക്ഷമമായി കണ്ടത്. ടി പദ്ധതിയിൻ വിശദീകരണം ലഭ്യമാക്കുന്നതിനായി 29.11.2022 ൽ ഓഡിറ്റ് എൻക്വയറി നം-33 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

A. എയിറോബിനുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ചുമതല ആർക്കാണു നൽകിയിരിക്കുന്നത് എന്നത് വ്യക്തമാക്കേണ്ടതാണ്.

B. എയിറോബിനുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വസ്തുക്കൾ (ഇനോക്കുലം ഉൾപ്പെടെയുള്ളവ) ലഭ്യമാക്കുന്നതിനും മറ്റുമുള്ള ഉത്തരവാദിത്വം ആർക്കാണ് എന്നത് വ്യക്തമാക്കേണ്ടതാണ്.

C. എയിറോബിനുകൾ പ്രവർത്തനം ആരംഭിക്കാത്തതിനു കാരണം (പ്രവൃത്തി പൂർത്തീകരിച്ച തീയതി 03.03.2022) വിശദീകരിക്കേണ്ടതാണ്.

ഓഡിറ്റ് ആവശ്യപ്പെട്ട വിഷയങ്ങളിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതും എയിറോബിനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ജലസേചന പമ്പ് സെറ്റ് വിതരണം - ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിൽ

ആനുകൂല്യം നൽകി 9,600/ രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 27/22 |
| പ്രോജക്ടിന്റെ പേര് | കൃഷിയ്ക്ക് ജലസേചന പമ്പ് സെറ്റ് |
| അടങ്കൽ | 279120 (139560 - വികസനഫണ്ട് ജനറൽ 139560 - മറ്റുള്ളവ) |
| ചെലവ് | 279120 ( 139560- Bill No. 14/26.03.2022) |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷിവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ജലസേചന പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് സബ്സിഡി മാർഗരേഖ 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.1.14 പ്രകാരം നൽകാവുന്ന സബ്സിഡി തുക ഉപകരണവിലയുടെ 50% മാണ് (പരമാവധി 10,000/-രൂപ). സബ്സിഡി മാർഗ്ഗരേഖ ഖ.2.5 പ്രകാരം മുൻവർഷങ്ങളിൽ സബ്സിഡിയോ/ധനസഹായമോ ലഭിച്ചിട്ടുള്ളവർക്ക് സർക്കാർ നിശ്ചയിക്കുന്ന കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സഹായം അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായി മേൽ പരാമർശിത പ്രോജക്ടിൽ ആനുകൂല്യം നൽകിയ വ്യക്തിയ്ക്ക് 2019-2020 വർഷവും ഇതേയിനത്തിൽ സബ്സിഡി നൽകിയിരിക്കുന്നതായി മുൻവർഷത്തെ ബില്ലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തി.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയ 9,600/- രൂപ നിരാകരിക്കുന്നു. തുക (9600/- രൂപ) തിരികെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
വിശദാംശങ്ങൾ ഖണ്ഡിക 3.1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 വൗച്ചറുകളുടെ പരിശോധന സംബന്ധിച്ച പരാമർശങ്ങൾ

2021-22 വർഷത്തെ നോൺ പ്ലാൻ വൗച്ചറുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) ജി.എസ്.റ്റി ഒടുക്കുവിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

1. വാർഷിക ധനകാര്യപത്രിക, CGST, SGST എന്നിവയുടെ ലെഡ്ജറുകൾ എന്നിവ പ്രകാരമുള്ള തൻവർഷ വരവ്, ഒടുക്ക്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ഒടുക്ക് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| CGST | 106134 | 174458 | 280592 | 256838 (186605/- രൂപ വരവായി ക്രമീകരിച്ചിട്ടുണ്ട് + 70233) | 23754 |
| SGST | 106134 | 174458 | 280592 | 256838 (186605/-രൂപ വരവായി ക്രമീകരിച്ചിട്ടുണ്ട് + 70233) | 23754 |

ലെഡ്ജറുകൾ പ്രകാരം GST Excess Credit എന്നയിനത്തിൽ 3,73,210/- രൂപ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത വരവിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ല.

ജി.എസ്.ടി ആയി പഞ്ചായത്തിൽ ലഭിച്ച തുകകളിൽ ഗ്രാമപഞ്ചായത്ത് പർച്ചെയ്സ് ചെയ്ത ബില്ലുകളിലെ ജി.എസ്.ടി തുക Filing ചെയ്യുമ്പോൾ അഡ്ജസ്റ്റ് ചെയ്യപ്പെടുന്നതിനാൽ ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ജി.എസ്.ടി മുഴവനും ഒടുക്കേണ്ട അവസ്ഥ വരുന്നില്ല, ഇൻപുട്ട് ആയി വരുന്ന തുക ആ വിഭാഗത്തിൽ തന്നെ ക്രമീകരിക്കുന്നു എന്നാണ് ഇത് സംബന്ധിച്ച് നോട്സ് ഓൺ അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തുക (3,73,210/- രൂപ) തനത് ഫണ്ടിലേയ്ക്ക് വരവ് വച്ചതിനെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സാധൂകരിച്ചിട്ടില്ല. ഇപ്രകാരം തനതു ഫണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിന് സർക്കാർ ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ, ആയവ ലഭ്യമാക്കേണ്ടതാണ്.

2) ധനകാര്യപത്രിക പ്രകാരം ജി.എസ്.ടി, സി.ജി.എസ്.ടി ടി.ഡി.എസ് ഇനത്തിൽ വരവില്ല. ആകെ 35,324 രൂപ ക്രമീകരിച്ചതിന്റെ രേഖകളാണ് ലഭ്യമാക്കിയത് (GSTR-7). എന്നാൽ ധനകാര്യപത്രിക പ്രകാരം ആകെ 14,514/- രൂപയാണ് ഈയിനത്തിലെ അടവ്. A One Agencies 15770/-, RK Industries – 5040/- എന്നീ സ്ഥാപനങ്ങളിൽ നിന്നും TDS ഇനത്തിൽ ഈടാക്കിയ തുകകൾ ഒടുക്കിയതായി ഇത് സംബന്ധിച്ച രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടില്ല.

വികസനഫണ്ട് ചെലവുചെയ്യുമ്പോൾ Deduction Details Separate ചെയ്ത് എൻട്രി ചെയ്യുന്ന വിഷയം വരുംവർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് അപാകതയ്ക്ക് മറുപടി ലഭ്യമാക്കി (ഓഡിറ്റ് അന്വേഷണം നം 11).

3. പഞ്ചായത്തിലെ ജീവനക്കാരുടെ ആദായ നികുതിയിനത്തിലെ തുകയുടെ അടവ് സംബന്ധിച്ച റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് അധികമായും ഏകീകൃതമല്ലാത്ത രീതിയിലും ഏജൻസികൾക്ക് തുക അനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം., തീയതി | തുക | സ്ഥാപനം | ചെലവിനം |
|---|---|---|---|
| 22100837/31.01.2022 | 495 | S And A Associates | TDS Q2, 3 Records |
| 22100847/31.01.2022 | 990 | Karvy, TVM | TDS Q3, 3 Records |

റിട്ടേൺ തയ്യാറാക്കേണ്ടത് ഓഫീസ് ജോലിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട ജോലിയാണ്. ഇത് പുറമെ നിന്ന് പണം കൊടുത്ത് നിർവഹിക്കുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. ചെലവുകളുടെ ആവർത്തനം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമായി കാണുന്നതാണ്.

ഗ്രാമപഞ്ചായത്തുകൾ ജി.എസ്.റ്റി, ഐ.റ്റി തുടങ്ങിയവ ഫയലിംഗ് നടത്തുന്നതിന് ഏകീകൃത നിരക്കോ നിശ്ചിത നിരക്കോ രേഖപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചിട്ടില്ല. വരും വർഷങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/28.11.2022) മറുപടി ലഭ്യമാക്കി.

## 1-24 ഇൻവോയിസിൽ രേഖപ്പെടുത്തിയ നിരക്കിലധികം തുക കെൽട്രോണിന് ലാപ്ടോപ്പുകൾക്കായി നൽകി - 2,55,808/- രൂപ തടസ്സപ്പെടുത്തുന്നു 16482/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 31/2022 (എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പ്രൊഫഷണൽ ഡിഗ്രി പോളിടെക്നിക്) |
| അടങ്കൽ | 3,00,000/- (വികസനഫണ്ട് എസ് സി പി) |
| ചെലവ് | 2,72,290/- (ബിൽ നം. 1/17.11.2021) |
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്, ഗവ എൽ.പി.എസ്, തലയൽ |

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതിനായി 10 ലാപ്ടോപ്പുകൾ വാങ്ങുന്നതിനാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നത്. സ.ഉ (സാധാ) നം 34/2021/ITD തീയതി 19.02.2021 പ്രകാരം CPRCS മുഖേന കെൽട്രോണിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനുള്ള നിരക്കുകൾ നിജപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുപ്രകാരം 1 ലാപ്ടോപ്പിന് കെൽട്രോണിന് നൽകേണ്ടതുക 27,229/- രൂപയും എഗ്രിമെന്റ് കാലാവധി 1 വർഷവുമാണ് (ഫെബ്രുവരി 2022 വരെ). ആയതുപ്രകാരം 2/2022 വരെ നിർദ്ദിഷ്ടനിരക്കിൽ (@) ലാപ്ടോപ്പ് വിതരണം ചെയ്യാൻ കെൽട്രോൺ ബാധ്യസ്ഥരാണ്. CPRCS മുഖേന കെൽട്രോൺ ലഭ്യമാക്കിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ്ടോപ്പിന് 27,229രൂപ നിരക്കിൽ 10 ലാപ്ടോപ്പുകൾക്ക് 2,72,290/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് (ബിൽ നം 1) കെൽട്രോണിന് നൽകിയിട്ടുണ്ട്. തുക നൽകുന്നതിന് മുൻപ് കെൽട്രോണുമായി നിർവഹണഉദ്യോഗസ്ഥ കരാർ ചമച്ചിട്ടില്ല. നവംബർ 2021 ൽ തുകനൽകിയെങ്കിലും നവംബർ 2022 ൽ ഇൻവോയിസിൽ രേഖപ്പെടുത്തിയിരുന്നതിനേക്കാൾ കൂടിയ നിരക്കിലാണ് കെൽട്രോൺ ലാപ്ടോപ്പുകൾ (@36544) സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. കൂടിയ നിരക്കിലുള്ള ലാപ്ടോപ്പുകൾ ലഭ്യമാക്കിയതു കാരണം പഞ്ചായത്തിന് 81,867/- രൂപയുടെ അധികച്ചെലവുണ്ടായി. സർക്കാർ നിരക്കിനേക്കാൾ കൂടിയ നിരക്കിലുള്ള തുകയ്ക്ക് പർച്ചെയ്സ് അംഗീകരിച്ചതിനുള്ള സാഹചര്യം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/ 23.11.2022) വർക്ക് ഓർഡർ നൽകാൻ കെൽട്രോണിന്റെ സൈറ്റ് ഓപ്പൺ ആയില്ല എന്നും കൂടിയ വിലയ്ക്ക് മാത്രമേ കെൽട്രോണിന് ലാപ്ടോപ്പ് ലഭ്യമാക്കാൻ കഴിയുകയുള്ളൂ എന്ന വിവരം പഞ്ചായത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്നപ്പോൾ ഒടുക്കിയ തുകയ്ക്ക് അകത്ത് വരുന്ന ലാപ്ടോപ്പുകൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു. അപ്രകാരം വർക്ക് ഓർഡർ കൊടുത്തു എന്നുമാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ സർക്കാർ ഉത്തരവിലെ നിരക്കിനെക്കാൾ അധികംവിലയ്ക്ക് കെൽട്രോൺ ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്ന വിവരം പഞ്ചായത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

2. ബിൽ നം. 1 പ്രകാരം കെൽട്രോണിന് നൽകിയ തുക 2,72,290 - *രൂപയാണ്. എന്നാൽ കെൽട്രോൺ ലഭ്യമാക്കിയത് 2,55,808/-* രൂപയുടെ ലാപ്ടോപ്പുകളാണ് (DC No And Date 06040/ITP/22-23 Dated 10-11-22). അധികമായി നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അധികമായി നൽകിയ 16482/- രൂപ കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

3. 2021-22 ലെ ഗുണഭോക്തൃലിസ്റ്റ് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് എന്ന പ്രോജക്റ്റിന് 32 ഗുണഭോക്താക്കളുണ്ട്. എന്നാൽ 10 ലാപ്ടോപ്പുകൾ വാങ്ങാൻ പ്രോജക്റ്റ് തുക വകയിരുത്തുകയും 7 എണ്ണം മാത്രം ലഭ്യമാകുകയും ചെയ്തിരിക്കുന്നു. നാളിതുവരെ ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥ 17.09.2022 ൽ 22-23/17.09.2022 നമ്പരായി പഞ്ചായത്തിന് നൽകിയ കത്തിൽ നാളിതുവരെ പ്രോജക്റ്റിന്റെ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലായെന്ന് പരാമർശിച്ചിട്ടുണ്ട്.

ആവശ്യകത നിർണയിക്കാതെ സർക്കാർഫണ്ടിൽ നിന്നും മുൻകൂർ തുക ചെലവഴിച്ച് ലാപ്ടോപ്പുകൾ വാങ്ങിയതിനാലും കെൽട്രോണിൽ നിന്നും അധികമായി നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ലാത്തതിനാലും വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്യാത്തതിനാലും *2,55,808/-* രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 16482/- രൂപ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം ലഭ്യമാക്കുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

## 1-25 കണ്ടിജൻസി ചെലവുകൾക്കായി മെയിന്റനൻസ് ഫണ്ടിൽ (നോൺ റോഡ്) നിന്നും തുക മുൻകൂറായി പിൻവലിച്ചു.

| | |
|---|---|
| പ്രോജക്ട് നം., പേര് | 71/22, കൃഷി ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ |
| അടങ്കൽ | 50,000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ) |
| ചെലവ് | 50,000/- |
| ബിൽ നം. | 1/23.11.21 - Rs. 10531/-<br>10/02.02.22 - Rs. 13092/-<br>22/31.03.22 – Rs. 19691/-<br>24/31.03.2022 - Rs. 6686/- |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഓഫീസിലെ എസ്ററാബ്ലിഷ്മെന്റ് ചെലവുകൾക്കായുള്ള പ്രോജക്ടിലെ ബിൽ നം. 22 പ്രകാരം കെ എസ്.ഇ.ബി യിൽ നിന്നുള്ള ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ (ബിൽ നം. 1/2022 തീയതി 18.03.2022) കൃഷി ഭവൻ ഓഫീസിന്റെ മാർച്ച് 2022 മുതൽ ഫെബ്രുവരി 2023 വരെയുള്ള കറന്റ് ചാർജിനത്തിൽ 12,000/- രൂപ മുൻകൂറായി (2022-2023 സാമ്പത്തിക വർഷത്തേയ്ക്ക്) പിൻവലിച്ച് കെ.എസ്.ഇ.ബി യിൽ ഒടുക്കിയിട്ടുണ്ട്. ജി.ഒ (പി) 119/2015 ധന തീയതി 21.03.2015 ഖണ്ഡിക 6.1 പ്രകാരം ഭാവിയിൽ ചെലവുവരുമെന്ന നിഗമനത്തിൽ തുക മുൻകൂർ പിൻവലിക്കാൻ പാടില്ല.

സബ്സിഡി മാർഗരേഖ (സ.ഉ (കൈ)22/2018) ഖണ്ഡിക 8.8 പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ സ്ഥാപനമേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടെ ആവശ്യകതയനുസരിച്ച് പട്ടിക തയ്യാറാക്കി സെക്രട്ടറിയ്ക്ക് നൽകേണ്ടതും സെക്രട്ടറി ഒരു നടപടിക്രമഉത്തരവിലൂടെ തുക അനുവദിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള ആവശ്യകതാ നിർണയം സംബന്ധിച്ച രേഖകൾ, ചെലവുകൾ അംഗീകരിച്ച സെക്രട്ടറിയുടെ നടപടിക്രമം എന്നിവയും ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം.32/ 29.11.2022).

സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രോജക്ട് നിർവഹണം നടത്താൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലനം - പദ്ധതിയിൽ നിന്നും നീക്കം ചെയ്ത കന്നുകുട്ടിയുടെ വിഹിതമിനത്തിൽ നൽകിയ തുക തിരികെ ലഭ്യമായില്ല

പ്രോജക്ട് നം - 75/22 പ്രത്യേക കന്നുകുട്ടി പരിപാലനം

അടങ്കൽ - 25,00,000 ( 12,50,000- വികസനഫണ്ട് ജനറൽ

12,50,000- മററുള്ളവ)

ചെലവ് - 21,25,000 (537500 Bill No 25/08.03.21

525000 Bill No 18/05.02.22

1062500- മറ്റുള്ളവ

നിർവഹണ ഉദ്യോഗസ്ഥ – വെറ്ററിനറി സർജൻ

4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് 32 മാസം വരെയോ അല്ലെങ്കിൽ പ്രസവിക്കുന്നതുവരെയോ സബ്സിഡിയോടു കൂടി കാലിത്തീറ്റ നൽകുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത്. സബ്സിഡി തുക (85*12500) ഡെപ്യൂട്ടി ഡയറക്ടർ, എസ് എൽ ബി പി യുടെ അക്കൗണ്ടിലേയ്ക്ക് പദ്ധതിയുടെ തുടർ നടത്തിപ്പിനായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ 4,23,052/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം

ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി തുകയുടെ വിനിയോഗ സാക്ഷ്യപത്രം (6,39,448) ഹാജരാക്കിയിട്ടില്ല.

ചെലവിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രത്തിൽ No Of Calves Removed എന്നതിൽ " 1 "എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു കന്നുകുട്ടിയ്ക്ക് നൽകിയ പഞ്ചായത്ത് വിഹിതം 12,500/- രൂപ തിരികെ ലഭ്യമായിട്ടില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/ 26.11.2022) പദ്ധതിയിൽ നിന്നും നീക്കം ചെയ്ത കന്നുകുട്ടിയുടെ 4മാസത്തെ തീറ്റയുടെ സബ്സിഡി കഴിഞ്ഞുള്ള തുക പ്രോജക്ട് കംപ്ലീഷന് ശേഷം റീഫണ്ട് ചെയ്ത് ലഭിക്കും എന്നാണ് മറുപടി ലഭ്യമാക്കിയത് .

മുഴവൻ തുകയ്ക്കുമുള്ള വിനിയോഗ സാക്ഷ്യപത്രവും റീഫണ്ട് ചെയ്യുന്ന തുകയുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതുമാണ്.

## 1-27 സ്നേഹസ്പർശം - തുക തെറ്റായ അക്കൗണ്ടിലേയ്ക്ക് നൽകി - 18,000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം - 16/22 സ്നേഹസ്പർശം , മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം

അടങ്കൽ - 2280000 ( 1140000- വികസന ഫണ്ട് ജനറൽ)

570000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെലവ് - 1710000 (474000 ബിൽ നം 3/23.10.21

562875 ബിൽ നം 4/25.10.21

7125 ബിൽ നം17/24.03.21

666000 ബിൽ നം 12/23.12.21)

നിർവഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിനത്തിലെ തുകയാണ് പ്രോജക്ട് പ്രകാരം നൽകിയിരിക്കുന്നത്. നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന ബാങ്ക് അക്കൌണ്ട് നമ്പരും ബിൽ പ്രകാരം തുക മാറി നൽകിയിരിക്കുന്ന അക്കൌണ്ട് നമ്പരും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | | നൽകിയ തുക |
|---|---|---|---|---|
| | | അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം | സാംഖ്യ ബിൽ പ്രകാരം | |
| 1 | ആരോമൽ ബിനു | 67389516865 | 730564871075 | 6000 |
| 2 | ദിലീപ്, വട്ടവിള വീട്, ഐത്തിയൂർ | 67386907726 | 67387123582 | 6000 |
| 3 | ദിലീപ്, കരുംപ്ലാവിള പുത്തൻവീട് | 67387123582 | 67386907726 | 6000 |
| ആകെ | | | | 18000 |

അപാകതയ്ക്ക് വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം7/26.11.2022) അക്കൗണ്ട് നമ്പർ മാറിപ്പോയത് കറക്ട് ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. പ്രസ്തുത തുക ആരുടെ അക്കൗണ്ടിലാണ് ലഭ്യമായത് എന്നും ഗുണഭോക്താക്കൾക്ക് എന്തുകൊണ്ട് നൽകിയില്ല എന്നും വ്യക്തമാക്കേണ്ടതാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ഫണ്ട് ഇപ്രകാരം നിരുത്തരവാദപരമായി ചെലവഴിക്കുന്നത് അതീവ ഗൗരവമായി കാണുന്നു.

മേൽ പട്ടികയിൽ പരാമർശിച്ച 3 ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല. ആയതിനാൽ 18000/- രൂപ (6000*3) യുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ സർക്കാരിലേയ്ക്ക് (ബന്ധപ്പെട്ട ശീർഷകങ്ങളിൽ) ഒടുക്കുവരുത്തേണ്ടതാണ്.

## 1-28 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 97218/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 13/21 അംഗൻവാടി പോഷകാഹാരം

അടങ്കൽ - 37,00,000 ( 1000000- വികസനഫണ്ട് ജനറൽ

2400000- കേന്ദ്രാവിഷ്കൃതഫണ്ട്

300000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

ചെലവ് - 37,00,000 ( 200000- Bill No 1/13.10.21

657202- Bill No 2/13.10.21

342798- Bill No 7/20.11.21

100000- BillNo 18/04.03.21

1311410 – DCB 567135/20.07.21

253868- DCB763474/22.11.21

297254- DCB 763836/10.01.22

537468- DCB 807957/ 28.02.2022)

നിർവഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അങ്കണവാടികളിൽ പോഷകാഹാരവിതരണത്തിനായാണ് പ്രോജക്ട് തുക ചെലവഴിച്ചിരിക്കുന്നത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | നൽകിയ സ്ഥാപനം | നൽകിയ തുക | ബിൽ നം, തീയതി |
|---|---|---|---|
| 1 | സപ്ലൈകോ | 950972 | Rs 1311410 – DCB 567135/20.07.21 |
| | | 379028 | Rs 657202- Bill No 2/13.10.21 |
| | | 342798 | Rs 342798- Bill No 7/20.11.21 |
| | | 90199 | Rs 253868- DCB763474/22.11.21 |
| | | 368711 | Rs 537468- DCB 807957/ 28.02.2022 |
| | | 100000 | Rs 100000- BillNo 18/04.03.21 |
| 2 | സമൃദ്ധി ആന്റ് ബ്ലോസം | 316458 | Rs 1311410 – DCB 567135/20.07.21 |
| | | 200000 | Rs 200000- Bill No 1/13.10.21 |
| | | 260018 | Rs 657202- Bill No 2/13.10.21 |
| | | 148627 | Rs 253868- DCB763474/22.11.21 |
| | | 297254 | Rs 297254- DCB 763836/10.01.22 |
| | | 148627 | Rs 537468- DCB 807957/ 28.02.2022 |
| 3 | സുരേന്ദ്രൻ | 43980 | Rs 1311410 – DCB 567135/20.07.21 |
| | | 18156 | Rs 657202- Bill No 2/13.10.21 |
| | | 15042 | Rs 253868- DCB763474/22.11.21 |
| | | 20130 | Rs 537468- DCB 807957/ 28.02.2022 |

<u>പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ</u>

(എ) ചെലവുരേഖകൾ ലഭ്യമാക്കിയില്ല

മേൽ പരാമർശിച്ചിരിക്കുന്ന പട്ടികയിലെ ക്രമനം 3 പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ 97,218/- രൂപ സുരേന്ദ്രൻ എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ശ്രീ സുരേന്ദ്രന്റെ ക്വട്ടേഷൻ അംഗീകരിച്ച ഭരണസമിതി തീരുമാനം, 97,218/-രൂപ ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ നൽകിയതിനാധാരമായ രേഖകൾ, ടിയാന്റെ കൈപ്പറ്റ് രസീത് എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ 97,218/- രൂപ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് എൻക്വയറി നം 5/ 25.11.2022)

(ബി) ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല

സമൃദ്ധി ആന്റ് ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങുന്നതിനായി വിവിധ ബില്ലുകളിലൂടെ ആകെ 13,70,984/- രൂപ ചെലവു ചെയ്തിട്ടുണ്ട്. Notification No. 50/2018 – Central Tax തീയതി 13.10.2018 പ്രകാരം 2.5 ലക്ഷത്തിലധികമുള്ള വാങ്ങലുകൾക്ക് സാധനങ്ങളുടെ മൂല്യത്തിന്റെ 2% ടി.ഡി.എസ്. (1%CGST+1%SGST) ആയി ഈടാക്കേണ്ടതുണ്ട്. ന്യൂട്രിമിക്സിന് ജി.എസ്.ടി. ഉൾപ്പെടെയുള്ള തുകയാണ് അനുവദിച്ചതെങ്കിലും, തുക കൈമാറിയപ്പോൾ ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കിയില്ല. ജി.എസ്.ടി ഇനത്തിൽ 5% തുകയാണ് സ്ഥാപനത്തിന് നൽകിയിരിക്കുന്നത്. നികുതി കുറവ് ചെയ്ത തുകയുടെ 2% ടി.ഡി.എസ് ഇനത്തിൽ ഈടാക്കിയിട്ടില്ല. ന്യൂട്രിമിക്സ് വാങ്ങിയ ബില്ലുകളുടെ ടി.ഡി.എസ് ഈടാക്കണമെന്നുള്ളത് അറിയില്ലായിരുന്നുവെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം 5/ 25.11.2022) ) മറുപടി ലഭ്യമാക്കിയത്. ഇതേ അപാകത 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും (ഖണ്ഡിക 1-40) പരിഹരിച്ചിട്ടില്ല.

സമൃദ്ധി ആന്റ് ബ്ലോസം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഇനത്തിൽ ഈടാക്കേണ്ട തുക കണക്കാക്കി ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുവരുത്തി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 നിർവഹണ ഉദ്യോഗസ്ഥർ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല

സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 12-22 പ്രകാരം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ സ്റ്റോക്ക് സ്വീകരിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 147 ലും സ്റ്റോർ പരിശോധിച്ച് സ്റ്റോക്കിലെടുക്കേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ആർട്ടിക്കിൾ 158 പ്രകാരം വർഷത്തിലൊരിക്കലെങ്കിലും സ്റ്റോറുകളുടെ പരിശോധന നടത്തേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഹെഡ്മിസ്ട്രസ് എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി വിവിധ സാധനങ്ങൾ പർച്ചെയ്സ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ (സ്റ്റോക്ക് രജിസ്റ്റർ) ഹാജരാക്കിയിട്ടില്ല. പ്രോജക്ടുകൾക്കൊപ്പം ലഭ്യമാക്കിയ പർച്ചെയ്സ് ബില്ലുകളിൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖപ്പെടുത്തലുകളില്ല. വിതരണ രേഖകൾ മാത്രമാണ് ഹാജരാക്കിയത്.

| പ്രോജക്ട് നം. | പേര് | ചെലവ് (സുലേഖ പ്രകാരം) | വാങ്ങിയ ഉപകരണം | നിർവഹണ ഉദ്യോഗസ്ഥ |
|---|---|---|---|---|
| 163/22 | അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ | 185000 | കസേര | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 24/22 | അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ | 150000 | മേശ,കസേര | |
| 241/22 | വയോജനങ്ങൾക്ക് കട്ടിൽ | 603665 | കട്ടിൽ | |
| 20/22 | വയോജനങ്ങൾക്ക് കട്ടിൽ | 198450 | കട്ടിൽ | |
| 33/22 | എസ്.സി കുട്ടികൾക്ക് മേശ, കസേര | 306944 | മേശ,കസേര | ഹെഡ്മിസ്ട്രസ്, ഗവ.കെ.വി.എൽ.പി.എസ്, തലയൽ |

നിശ്ചിത മാതൃകയിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുവാൻ നിർവഹണഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പ്രോജക്ടിൽ തുക വകയിരുത്തി ഹോണറേറിയം നൽകി- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധം

പ്രോജക്ട് നം. – കംപ്യൂട്ടർ ടീച്ചർക്ക് ഹോണറേറിയം 30/22

അടങ്കൽ - 70000 (തനത് ഫണ്ട്)

ചെലവ് - 70000 (ചെക്ക് നം. 807999/15.03.22, Rs. 63000/-

ചെക്ക് നം. തീയതി 26.03.2022 Rs 7000/-)

നിർവഹണ ഉദ്യോഗസ് ഥ- ഹെഡ്മിസ്ട്രസ്, ഗവ.കെ.വി.എൽ.പി.എസ്, തലയൽ

ഗവ.കെ.വി.എൽ.പി.എസ്, തലയൽ സ്കൂളിലെ കംപ്യൂട്ടർ പഠനത്തിന്റെ ഭാഗമായി കംപ്യൂട്ടർ ടീച്ചർക്ക് ഹോണറേറിയം നൽകുന്നതിനാണ് പ്രോജക്ട് തുക വകയിരുത്തിയിരിക്കുന്നത്. സ.ഉ (കൈ) നം 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 8.10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഓണറേറിയമോ അനുവദിക്കുന്നതിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി 70000/- രൂപ പ്രോജക്ട് പ്രകാരം

ചെലവഴിച്ചിരിക്കുന്നു.

അപാകത പരാമർശിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/23.11.2022) പ്രോജക്റ്റിന് DPC യുടെയും AEO യുടെയും അംഗീകാരം ലഭിച്ചതിനാലാണ് പ്രോജക്റ്റ് നടപ്പിലാക്കിയതെന്ന് മറുപടി ലഭ്യമാക്കി.

പദ്ധതികളുടെ നിർവഹണം സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 വാങ്ങൽ നടപടിക്രമങ്ങളിലെ അപാകത

പ്രോജക്റ്റിന്റെ നം., പേര് - 33/22, എസ്.സി കുട്ടികൾക്ക് മേശ, കസേര

അടങ്കൽ - 530000/- (വികസനഫണ്ട് എസ് സി പി)

ചെലവ് - 306944/- (സുലേഖ പ്രകാരം )

നിർവഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ്,ഗവ.കെ.വി.എൽ.പി.എസ്, തലയൽ
പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) ജി.ഒ. (പി)നം 7/2019 *എസ്.പി.ഡി തീയതി 26.04.2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/-* ന് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കേണ്ടതാണെന്നിരിക്കെ, എസ് സി കുട്ടികൾക്ക് മേശ, കസേര എന്നിവ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്.

(ബി) ഇ-ടെണ്ടർ നടപടികൾ മുഖേന കീർത്തി മാർക്കറ്റിംഗ്, അങ്കമാലി എന്ന സ്ഥാപനത്തിൽ നിന്നാണ് മേശയും കസേരയും പർച്ചെയ്സ് ചെയ്തിരിക്കുന്നത്. ടെണ്ടർ രേഖകളിൽ GST, രജിസ്ട്രേഷൻ ചാർജ് ഉൾപ്പെടെയുള്ള തുകയാണ് കസേരയ്ക്കും മേശയ്ക്കും ക്ലെയിം ചെയ്തിരിക്കുന്നത്. കൂടാതെ തുക നൽകിയപ്പോൾ കാഷ് ബിൽ സ്ഥാപനം നൽകിയിട്ടില്ല. ടാക്സ് ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. ആയതിലും ഇ-വേ ബില്ലിലും ജി.എസ്.ടി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

അപാകതകളില്ലാതെ പദ്ധതികൾ നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല

കേരള ട്രഷറി കോഡ് വാല്യം I ലെ ആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിനുവേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും ടി ആർ 7 എ ഫോറത്തിലാണ് കാഷ് ബുക്ക് പരിപാലിക്കേണ്ടത്. എന്നാൽ ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്. തലയൽ വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിന് ഒരു സാധാരണ ബുക്കാണ് ക്യാഷ് ബുക്കായി പരിപാലിച്ചിരിക്കുന്നത്. ഇത് TR.7.A മാതൃക പ്രകാരമുള്ളതല്ല. 2022-23 മുതൽ TR7Aമാതൃകയിലെ കാഷ് ബുക്ക് ഉപയോഗിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/ 23.11.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-33 പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരങ്ങൾ " വീൽസ് " പോർട്ടലിൽ രേഖപ്പെടുത്തിയിട്ടില്ല

ധനകാര്യ വകുപ്പിന്റെ 22-10-2020-ലെ 59/2020 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായിയുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും രേഖകൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 18/ 28.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്റ്റുകൾ നടപ്പിലാക്കി

1. പ്രോജക്റ്റ് നം. – സുഭിക്ഷകേരളം വാഴകൃഷി വികസനം 79/22

അടങ്കൽ - 80000 ( മറ്റുള്ളവ -30000

വികസനഫണ്ട് പൊതുവിഭാഗം സാധാ- 50000)

ചെലവ് - 45856 (സുലേഖ പ്രകാരം)

2. പ്രോജക്ട് നം. - 70/22 വാഴകൃഷി വികസനം

അടങ്കൽ - 688000

ചെലവ് - 688000 (സുലേഖ പ്രകാരം)

നിർവഹണ ഉദ്യോഗസ്ഥൻ- കൃഷി ഓഫീസർ

പ്രോജക്ടുകൾ പ്രകാരം വാഴകൃഷി വികസനത്തിന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ പ്രകാരം വാഴത്തൈകൾ കൃഷി ഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യണം എന്നിരിക്കെ ഗുണഭോക്താക്കൾ മറ്റ വ്യക്തികളിൽ നിന്നാണ് വാഴത്തൈകൾ വാങ്ങിയിരിക്കുന്നത്. വിത്തുകളുടെ ഗുണമേന്മ കൃഷി ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കണം എന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. പ്രാബല്യത്തിലുള്ള നിയമങ്ങളും സബ്സിഡി മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് മാത്രം പ്രോജക്ടുകൾ രൂപീകരിക്കുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 29/ 29.11.2022).

## 1-35 തെരുവ് വിളക്ക് മെയിന്റനൻസ് /സാധനങ്ങൾ വാങ്ങൽ -തെരുവ് വിളക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ ആവശ്യകത പരിശോധിക്കാൻ സാധിച്ചിട്ടില്ല

പ്രോജക്ട് നമ്പർ – 134/2022

തെരുവ് വിളക്ക് മെയിന്റനൻസ് /വാങ്ങൽ

ഫണ്ട് – CFC

അടങ്കൽ – 475000

ചെലവ് - 475000

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ടി പദ്ധതി പ്രകാരം 2021-22 വർഷത്തിലേയ്ക്ക് ബാലരാമപുരം പഞ്ചായത്തിന് ആവശ്യമായ തെരുവ് വിളക്കുകൾ നൽകുന്നതിന് ടെണ്ടർ ലഭിച്ച എ വൺ ഏജൻസീസ്, കാക്കവിള എന്ന സ്ഥാപനം 5/10/21 ന് സമർപ്പിച്ച 56-ാം നമ്പർ ഇൻവോയ്സ് പ്രകാരം 36w ട്യൂബ്ലൈറ്റ് 3000 എണ്ണം, 40w ചോക്ക് 2000 എണ്ണം, സ്റ്റാർട്ടർ 2800 എണ്ണം, LED12 W Bulb- 250 എണ്ണം എന്നിവ നൽകിയ വകയിൽ 490241/- രൂപയുടെ ബില്ല് സമർപ്പിക്കുകയും പദ്ധതി അടങ്കലിൽ പരിമിതപ്പെടുത്തി 4750000/- നല്കിയതായും കാണുന്നു. ഇതേ സ്ഥാപനത്തിൽ നിന്നും മുൻവർഷത്തിൽ (2020-21) 2000 ട്യൂബ് ലൈറ്റ്, 1000 ചോക്ക്, 1000 എണ്ണം LED ബൾബ്, 3000 സ്റ്റാർട്ടർ എന്നിവ വാങ്ങി സ്ഥാപിച്ചതായി കാണുന്നു. (15.10.2020) തൻ വർഷം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുകയും, തെരുവ് വിളക്കുകൾ സ്ഥാപിക്കൻ ടെണ്ടർ ലഭിച്ച ഇതേ വ്യക്തി (റ്റി.സുരേഷ്, എ വൺ ഏജൻസീസ്) ക്ക് തന്നെ നൽകിയതായും കാണുന്നു. വിതരണം ചെയ്ത വിളക്കുകളുടെ വാറണ്ടി കാലാവധിയുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ ആവശ്യകത പരിശോധിക്കാൻ പഞ്ചായത്ത് വാർഡ് തല തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ വാർഡുകളിലും നിലവിലുള്ള തെരുവ് വിളക്കുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ (പോസ്റ്റ് നമ്പർ, തെരുവ് വിളക്ക് ഇനം, എണ്ണം) എഴുതി സൂക്ഷിക്കേണ്ടതാണ്. തെരുവ് വിളക്കുകൾക്ക് കാലാകാലങ്ങളിൽ നടത്തുന്ന മെയിന്റനൻസ്/replacement വിവരണം ടി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-36 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോമ്കോയ്ക്ക് നൽകിയ തുകയ്ക്ക് പൂർണ്ണമായും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ - 67/22

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 300,000

ചെലവ് - 300,000

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)

ബിൽ നമ്പർ തീയതി - 3/3.11.2021

24.09.2021 ൽ ഹോംകോ സമർപ്പിച്ച പി.എഫ് 500-ാം നമ്പർ ഇൻവോയ്സ് പ്രകാരം 3,00,000/- രൂപ ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മേൽ സൂചിപ്പിച്ച ബില്ല് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ

നാളിതുവരെ താഴെപ്പറയും പ്രകാരം 1,91,016/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

തീയതി - മരുന്ന് വില

22.03.22/113310

05.09.22/77706

ആകെ – 191016

ബാക്കി ലഭിക്കാനുള്ള 1,08,984/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ജലസേചന പമ്പ് സെറ്റ് വിതരണം - ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിൽ ആനുകൂല്യം നൽകി 9,600/ രൂപ നിരാകരിക്കുന്നു.

ജലസേചന പമ്പ് സെറ്റ് വിതരണം - ഒരേ വ്യക്തിക്ക് തന്നെ തുടർ വർഷങ്ങളിൽ ആനുകൂല്യം നൽകി 9,600/ രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം, പേര് - 27/22 , കൃഷിയ്ക്ക് ജലസേചന പമ്പ് സെറ്റ്

അടങ്കൽ - 279120 ( 139560 - വികസനഫണ്ട് ജനറൽ 139560 - മറ്റുള്ളവ)

ചെലവ് - 279120 ( 139560- Bill No 14/26.03.2022)

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

കൃഷിവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ ജലസേചന പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് സബ്സിഡി മാർഗരേഖ 22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.1.14 പ്രകാരം നൽകാവുന്ന സബ്സിഡി തുക ഉപകരണവിലയുടെ 50% മാണ്. (പരമാവധി 10,000/-രൂപ). സബ്സിഡി മാർഗ്ഗരേഖ ഖ.2.5 പ്രകാരം മുൻവർഷങ്ങളിൽ സബ്സിഡിയോ/ ധനസഹായമോ ലഭിച്ചിട്ടുള്ളവർക്ക് സർക്കാർ നിശ്ചയിക്കുന്ന കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സഹായം അനുവദിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന് വിരുദ്ധമായി മേൽ പരാമർശിത പ്രോജക്ടിൽ ആനുകൂല്യം നൽകിയവ്യക്തിയ്ക്ക് 2019-2020 വർഷവും ഇതേയിനത്തിൽ സബ്സിഡി നൽകിയിരിക്കുന്നതായി മുൻവർഷത്തെ ബില്ലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തുക നൽകിയിരിക്കുന്ന അക്കൗണ്ട് നം. | സബ്സിഡി നൽകിയ സാമ്പത്തിക വർഷം ബിൽ നം., തീയതി |
|---|---|---|---|---|
| 43/20, ജലസേചന പമ്പ് സെറ്റ് | ശ്രീ ഗോപകുമാർ വി, ചെമ്മണ്ണുവിള, കാറാത്തല, റസ്സൽപുരം പി.ഒ. ബാലരാമപുരം | 7200 | 3498101007151, IFSC-CNRB0003498 | 2019-2020<br>BRN 1902025200800100049672 Dated 07.01.20 |
| 27/22, ജലസേചന പമ്പ് സെറ്റ് | | 9600 | | 2021-2022<br>(2020-21 വർഷം സ്പിൽ ഓവറായ പ്രോജക്ട്)<br>Rs 139560-<br>Bill No 14/26.03.2022 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 37/30.11.22) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ് "വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നത് കുറവായതിനാലും 2019-20 ൽ വാങ്ങിയ പമ്പ് സെറ്റിന്റെ ശേഷി കുറവായതിനാൽ ടിയാന് 2021-22 ൽ വാങ്ങിയ പമ്പ്സെറ്റിനും തുക അനുവദിച്ചിട്ടുള്ളതാണ്. "എന്നാൽ ഇത്തരത്തിൽ ഒരു വ്യക്തിയ്ക്ക് മാത്രം മുൻഗണന നൽകി തുടർവർഷങ്ങളിൽ (2019-20, 2020-21 വർഷത്തെ പ്രോജക്ട്

സ്പിൽ ഓവറായി 2021-22 ൽ നടപ്പിലാക്കി) സബ്സിഡി തുക അനുവദിക്കുന്നതിന് ഭരണസമിതി അംഗീകാരം നൽകിയിട്ടില്ല.

സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമാണ്.സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2021-22 വർഷം നൽകിയ 9,600/- രൂപ നിരാകരിക്കുന്നു. തുക (9600/- രൂപ) തിരികെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-2 സ്നേഹസ്പർശം - തുക തെറ്റായ അക്കൗണ്ടിലേയ്ക്ക് നൽകി - 18,000/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം - 16/22 സ്നേഹസ്പർശം , മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം

അടങ്കൽ - 2280000 ( 1140000- വികസന ഫണ്ട് ജനറൽ)

570000- ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെലവ് - 1710000 (474000 ബിൽ നം 3/23.10.21

562875 ബിൽ നം 4/25.10.21

7125 ബിൽ നം17/24.03.21

666000 ബിൽ നം 12/23.12.21)

നിർവഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പിനത്തിലെ തുകയാണ് പ്രോജക്ട് പ്രകാരം നൽകിയിരിക്കുന്നത്. നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന ബാങ്ക് അക്കൌണ്ട് നമ്പരും ബിൽ പ്രകാരം തുക മാറി നൽകിയിരിക്കുന്ന അക്കൌണ്ട് നമ്പരും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അക്കൗണ്ട് നം. | | നൽകിയ തുക |
|---|---|---|---|---|
| | | അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകൾ പ്രകാരം | സാംഖ്യ ബിൽ പ്രകാരം | |
| 1 | ആരോമൽ ബിനു | 67389516865 | 730564871075 | 6000 |
| 2 | ദിലീപ്, വട്ടവിള വീട്, ഐത്തിയൂർ | 67386907726 | 67387123582 | 6000 |
| 3 | ദിലീപ്, കരുംപ്ലാവിള പുത്തൻവീട് | 67387123582 | 67386907726 | 6000 |
| ആകെ | | | | 18000 |

അപാകതയ്ക്ക് വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം7/26.11.2022) അക്കൗണ്ട് നമ്പർ മാറിപ്പോയത് കറക്ട് ചെയ്തിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. പ്രസ്തുത തുക ആരുടെ അക്കൗണ്ടിലാണ് ലഭ്യമായത് എന്നും ഗുണഭോക്താക്കൾക്ക് എന്തുകൊണ്ട് നൽകിയില്ല എന്നും വ്യക്തമാക്കേണ്ടതാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള ഫണ്ട് ഇപ്രകാരം നിരുത്തരവാദപരമായി ചെലവഴിക്കുന്നത് അതീവ ഗൗരവമായി കാണുന്നു.

മേൽ പട്ടികയിൽ പരാമർശിച്ച 3 ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല. ആയതിനാൽ 18000/- രൂപ (6000*3) യുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ സർക്കാരിലേയ്ക്ക് (ബന്ധപ്പെട്ട ശീർഷകങ്ങളിൽ) ഒടുക്കുവരുത്തേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | അംഗനവാടി പോഷകാഹാരം | 300000 | 300000 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | ക്ഷീരസമൃദ്ധി ജനറൽ | 500000 | 500000 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | ക്ഷീരസമൃദ്ധി വനിത | 400000 | 75000 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | സ്നേഹസ്പർശം | 570000 | 570000 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | സുഭിക്ഷ കേരളം ഇടവിളകൃഷി | 100000 | 100000 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് (ജനറൽ) | 3000000 | 2070000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് എസ്.സി. അഡീഷണൽ ലിസ്റ്റ് | 1000000 | 500000 |
| | | ആകെ | | 4115000 |
| 8 | ജില്ല പഞ്ചായത്ത് | ക്ഷീരസമൃദ്ധി ജനറൽ | 100000 | 47115 |
| 9 | ജില്ല പഞ്ചായത്ത് | ക്ഷീരസമൃദ്ധി വനിത | 100000 | 50000 |
| 10 | ജില്ല പഞ്ചായത്ത് | ലൈഫ് (ജനറൽ) | 3000000 | 881159 |
| 11 | ജില്ല പഞ്ചായത്ത് | ലൈഫ് എസ്.സി. അഡീഷണൽ | 1840000 | 779076 |
| | | ആകെ | | 1757350 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | 2020-21 B4 പ്രകാരം മുന്നിരിപ്പ് | 2021-22 RP-7,RP-31പ്രകാരം വരവ് | ആകെ | ചെലവ് (സൂലേഖ പ്രകാരം) | 2021-22ലെ B4 ഷെഡ്യൂൾ പ്രകാരം നീക്കിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് (320700104) | 500000/- | 4115000/- | 4615000/- | 4115000/- | 500000/- |
| ജില്ലാ പഞ്ചായത്ത് (320700305) | 510000/- | 1757350/- | 2267350/- | 1757350/- | * |
| **മുൻസിപ്പൽ കോർപ്പറേഷൻ (320700202) | - | - | - | - | 380000 |

* നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

** വരവ്, ചെലവ്, നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| പ്രോജക്ടിന്റെ പേര്, നം. | എജൻസി | നൽകിയ തുക | ചെലവ് തുക | ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| ഇടമനക്കുഴി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 130000 | - | 130000 |
| കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 140 | വാട്ടർ അതോറിറ്റി | 1072000 | - | 1072000 |
| ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും, 247 | കെ.എസ്.ഇ.ബി | 1112494 | - | 1112494 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

2021-22 വർഷത്തിൽ വായ്പാ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടവാക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിവരം.

| * വായ്പാ ഇനം | 2020-21 ൽ തിരിച്ചടവാക്കാനുള്ള തുക | 2021-22-ൽ ലഭിച്ച തുക | 2021-22ൽ തിരിച്ച് അടച്ച തുക | വർഷാസാവസാനം തിരിച്ചടവാക്കാനുള്ള തുക |
|---|---|---|---|---|
| HUDCO | 41441334 | 0 | 4429334 | 37012000 |

* വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് ധനകാര്യ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 29169860.61 |
| ഓഡിറ്റ് വർഷത്തെ വരവ് | 106346120 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 115656599 |
| നീക്കിയിരിപ്പ് | 19859381.61 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 353026 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9600 | ശ്രീ പ്രശാന്ത്, കൃഷി ഓഫീസർ |
| 3-2 | 18000 | ശ്രീമതി രുഗ്മിണി .റ്റി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 255808 | ശ്രീമതി അജിതകുമാരി, ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്, തലയൽ |
| 1-28 | 97218 | ശ്രീമതി രുഗ്മിണി.റ്റി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീപ്രശാന്ത്, കൃഷി ഓഫീസർ | കൃഷി ഓഫീസർ , ബാലരാമപുരം | സ്വസ്തിക, ഹൗസ്.നം 42 എ, പാപ്പനംകോട് |

| | | |
|---|---|---|
| ശ്രീമതി അജിതകുമാരി, ഹെഡ്മിസ്ട്രസ് | - | ശാകംബരി, പുന്നമൂട്, പള്ളിച്ചൽ പി.ഒ |
| ശ്രീമതി രശ്മിണി.റ്റി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | - | രേഷ്മ ഭവൻ, പടർന്ന പ്ലാവിള ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ, പാപ്പനംകോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഓടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികളുടെ എണ്ണം |
|---|---|---|
| 2004-05 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 1<br>(3-10) |
| 2005-06 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 2<br>(3-5, 3-6) |
| 2006-07 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 5<br>(2-1 (3), 2-5 (2),<br>3-3, 3-4, 3-7) |
| 2007-08 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 1<br>(2-2) |
| 2012-13 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 3<br>(3-7, 3-9, 3-13) |
| 2013-14 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 4<br>(2-3, 3-2, 3-7, 3-13) |
| 2014-15 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 5<br>(2-2, 3-10 (സി), 3-10 (ഡി),<br>3-11 (സി), 3-14) |
| 2015-16 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 3<br>(2-6, 3-4, 3-10) |
| 2016-17 | കെഎസ്.എ.റ്റി.വി.എം./ജിപി.4/1919/2022 തീയതി 15.10.2022 | 7<br>[2-5, 3-1, 3-4, 3-6,<br>3-7, 3-10 (1), 3-10 (2)] |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി4/1898/2018 തീയതി 19.02.2019 | 15 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/404/2020 തീയതി 21.01.2021 | 27 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/899/2021 തീയതി 09.11.2022 | 9 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/689/2022 തീയതി 03.06.2022 | 51 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്